സീയോൻസന്ദേശം

SION SANDESAM

പുസ്തകം 1 | സെപ്തമ്പർ 15, 1953. | ലക്കം 3

വിഷയവിവരം:-

1. സീയോൻ റേഡിയോ
(നി. വ. ദി. ശ്രീ. മാർ ക്ലീമീസ്സ് മെത്രാപ്പോലീത്ത തിരുമേനി)
2. മരണാനന്തരാവസ്ഥ
(ഫാദർ വർഗീസ്സ് ജെയിംസൺ മഞ്ഞപ്പറ)
3. സീയോൻ സഞ്ചാരി III തുടച്ച്
(ഫാദർ വി. സി. ഗീവർഗീസ്സ് ബി. എ.,)
4. ക്രൈസ്തവ ചിന്താസരണി No. I (എ. വി. എം.)
5. ക്രൂശിലെ മരണം
(മൂസാ സലാമാ. റമ്പാൻ)
6. സുവിശേഷപ്രകാശം
(പീറർ കെ. പുലയത്തു ബി. എ.,)
7. മേരീസ്തവം
(ശങ്കരത്തിൽ ഏ. വി. മാത്യു)
8. മുളന്തുരുത്തി മർത്തോമ്മാൻ പള്ളിചരിത്രം
(പി. എം. പത്രോസ് മുളന്തുരുത്തി)
9. കവർപേജ് വാർത്തകം.

സീയോൻ ബാലസംഘം അംഗങ്ങൾ

1. ബാബു അലക്സ് മാത്യൂസ് അയിരൂർ
2. കെ. ജി. ജോസഫ് തിരുവല്ല
3. പി. എസ്. ജോൺ കരിമണ്ണൂർ
4. എം. കെ. ലൂക്കോസ് F. IV. H. S. ഇരുമ്പനം
5. കെ. എ. ഐപ്പ്, കടവിൽ, തൃപ്പൂണിത്തുറ
6. ഒ. സി. വറുഗീസ് ഓണശ്ശേരിൽ തിരുവാംകുളം
7. ഒ. സി. പൌലൂസ് ഓണശ്ശേരിൽ തിരുവാംകുളം
8. ഒ. സി. പീററർ ഓണശ്ശേരിൽ തിരുവാംകുളം
9. ടി. ടി. ചെറിയാൻ തൃപ്പൂണിത്തുറ
10. സി. വി. പൈലി തൃപ്പൂണിത്തുറ
11. കെ. പി. ജോസഫ് കളരിക്കൽ എരൂർ
12. കെ. പി. തമ്പി കളരിക്കൽ എരൂർ

(തുടരും)

കൊച്ചു സുഹൃത്തുക്കളെ,

ഒന്നാംലക്കത്തിൽ കൊച്ചേട്ടൻ എഴുതിയിരുന്നതനുസരിച്ച്, സാഹിത്യാഭിരുചിയുള്ള പല കൊച്ചനിയന്മാരും കവിതകളും ചെറുകഥകളും അയച്ചുതന്നതിൽ വളരെ സന്തോഷിക്കുന്നു. ഇനിയും വളരെ പ്രതീക്ഷിക്കുന്നു. അയച്ചുതന്നവ രണ്ടും മൂന്നും പ്രാവശ്യം വായിച്ചുനോക്കി. അത് അവരിൽ പലരുടേയും ആദ്യ പരിശ്രമമാണെന്നറിഞ്ഞപ്പോൾ, അത്ഭുതംതന്നെയുണ്ടായി. തീർച്ചയായും ആ കൊച്ചുകവികളും കാഥികന്മാരും വിജയത്തിലൂടെ വളരെയേറെ സഞ്ചരിച്ചുകഴിഞ്ഞുയെന്ന് മററു അംഗങ്ങളെ അറിയിക്കുവാൻ കൊച്ചേട്ടൻ വെമ്പൽ കൊള്ളുകയാണ്. എന്നാൽ ചിലതിൽ ആ ആദ്യപരിശ്രമത്തിന്റെ വിറയും ഗോഷ്ടികളും നിഴലിച്ചുകാണുന്നുണ്ട് അതുകൊണ്ടാണ് ചിലരുടെ കൃതികൾ ഇവിടെ പിടിച്ചുവെച്ചിരിക്കുന്നത്. കൊച്ചേട്ടനോട് പരിഭവിക്കരുത്. ട്ടോ. രണ്ടാമത് ഒന്നുകൂടി എഴുതു. "കൂകി കൂകി തെളിയു"മെന്നല്ലെ നാട്ടുപ്രമാണം. ഒരു കാര്യംകൂടി. കഥയോ കവിതയോ മറേറാ അയച്ചാൽ അതു ഉടൻതന്നെ "സന്ദേശ"ത്തിൽ സ്തലം പിടിക്കണമെന്ന് നിർബന്ധിക്കരുത്. സാധാരണ കൊച്ചുകുട്ടികളിൽ അങ്ങിനെയൊന്നു കാണാറുണ്ട് അതുകൊണ്ടു പറഞ്ഞതാണ്. കൊച്ചേട്ടൻ നിങ്ങൾക്കുവേണ്ടി പത്രാധിപ സമിതിയിൽ വാദിക്കുന്നതാണ്. ഒരു പ്രത്യേക കാര്യം. നിങ്ങളുടെ സുഹൃത്തുക്കളേയും "സീയോൻ ബാലസംഘ"ത്തിൽ ചേർക്കുവാൻ പരിശ്രമിക്കണം വിവരം കൊച്ചേട്ടനെ അറിയിക്കുക.

എൻ രക്ഷകൻ

Varghese Pazhur St: Paul's H. S. Veliyaned

[തും മേരാ ചാന്ദ് മേ മട്ട്]

ഓ! നീയെൻ നാഥനെ! ശാന്താശീലനെ!
നീ ദേവാത്മജനെ! ജീവനാഥനെ!
ഓ.....ാ.....ാ.....ാ
ക്രിസ്തുമഹേശാ നീയെൻ ജീവാവല്ലരി
ജീവാവല്ലരി
കൂശുമരത്തിൽ മരണമടഞ്ഞോ-
രേശു ദേവ ഞാൻ
അനുദിനമടിയൻ.....അല്ലലൊഴിഞ്ഞിട്ട-
തികുതുഹത്താലെ! [നീ ദേവാത്മ.....)
ദേവകുമാരാ! ദീനദയാലു
കനിയുക നീയെന്നിൽ
അഖിലത്തിൻ ജനകനാതുര സ്നേഹി
രക്ഷകനേശുവെ! [നീ ദേവാത്മ.....)

സീയോൻ റേഡിയോ

നി. വ. ദി. ശ്രീ. മാർ ക്ലീമ്മീസ്സ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സന്ദേശം

സഭയുടെ പുരോഗമനത്തിനും, അഭിവൃദ്ധിക്കുമായി ആഗ്രഹിക്കുകയും, ചിന്തിക്കുകയും ചെയ്യുന്ന പലരും സമുദായത്തിന്റെ സഹകരണവും, അനുഗ്രഹവും അന്വേഷിക്കുമ്പോൾ പലപ്പോഴും നിരാശപ്പെട്ടു പിന്തിരിയേണ്ടിവരുന്നു എന്ന് ഒരു ആക്ഷേപമുണ്ട്. സമുദായകാര്യങ്ങളിൽ നിന്ന് എത്രമാത്രം അകന്നു നില്ക്കുന്നുവോ അത്രമാത്രം നല്ലതാണെന്ന് അനുഭവസ്ഥന്മാർ പറയുന്നതു കേട്ടിട്ടുണ്ട്. യാക്കോബായസഭ അതിനു ലഭിച്ചുകൊണ്ടിരിക്കുന്ന സന്ദർഭങ്ങളെ തക്കത്തിൽ ഉപയോഗിക്കുന്നില്ലെന്ന് ദുഃഖിക്കുന്നവർഉണ്ട്. ശക്തവും, ദർശനമുള്ളതുമായ നേതൃത്വത്തിന്റെ അഭാവം സമുദായപുരോഗമനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും, സംഘടിതവും, പുരോഗമനപരവുമായ ഒരു ആത്മാർത്ഥപരിശ്രമം ഇന്ന് അനിവാര്യമാണെന്നും വിശ്വസിക്കുന്നവർ ഉണ്ട്. ഇങ്ങനെ സമുദായ കാര്യങ്ങളിൽ പൊതുവെ ഒരു മ്ലാനതയും, അശ്രദ്ധയും, ചില കേന്ദ്രങ്ങളിൽ ഒക്കെ നിരാശതന്നേയും ഉള്ളതായിട്ടാണ് അറിയുന്നത്. തന്മയത്വസമൃദ്ധമായ വാചാലതകൊണ്ടുമാത്രം ലഭിക്കുന്ന പ്രോത്സാഹനം ഈ അവസ്ഥക്കു പരിഹാരമാകുന്നില്ല. നാം നൽകികൊണ്ടിരിക്കുന്ന പല പഴയ പല്ലവികളും ഇനിയും ആകർഷികങ്ങളുമല്ല. ഉറച്ച അപ്പോസ്തോലികാടിസ്ഥാനത്തിൽ നിന്നുകൊണ്ട് സഭയിലെ എല്ലാ ഘടകങ്ങൾക്കും കാലാനുസരണമായി പ്രവർത്തിക്കുവാനും അതാതിന്റെ സംഭാവനകളെ സമർത്ഥമായി കൊടുക്കുവാനും കഴിയത്തക്കവണ്ണം ദീർഘദൃഷ്ടിയോടുകൂടിയ കാൽവയ്പുകൾ ഇന്ന് ആവശ്യമാണ്. നമുക്കും പുരോഗമിക്കണം. ഇന്നത്തെതലമുറക്കു സംതൃപ്തി ലഭിക്കത്തക്കവണ്ണം സമുദായം ആയിത്തീരണം. വളർന്നു വരുന്ന തലമുറകൾക്ക് അഭിമാനം ഉണ്ടാകത്തക്കവണ്ണം സമുദായം വളർന്നേ മതിയാകൂ.

മലങ്കരസുറിയാനിസഭയ്ക്കു ഒരു ഭരണഘടന ആവശ്യമാണല്ലോ. ഇതിന്റെ അഭാവം മൂലമുണ്ടായിട്ടുള്ളദൃഷ്യങ്ങൾ നാം ധാരാളം അനുഭവിച്ചുകഴിഞ്ഞു വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിൽ കൂടിയല്ലാതെ ഒരു ജനവിഭാഗത്തിനു വളരെ ദൂരം സുഖമായി പോകുവാൻ കഴികയില്ല. ഭരണഘടനയുടെ ആവശ്യം, അതുകൊണ്ടുള്ളപ്രയോജനങ്ങൾ, അതിന്റെ അഭാവം മൂലമുള്ള ദൃഷ്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ വിദ്യാഭ്യാസപ്രബുദ്ധമായ സുറിയാനിജനതയ്ക്കു പുത്തരിയല്ല. എത്ര വേഗത്തിൽ മലങ്കരസഭയ്ക്ക് ഒരു ഭരണഘടന ഉണ്ടാകുമോ അത്രയ്ക്ക് നമ്മുടെ ഭാവി ശോഭനമായിത്തീരും. ആവശ്യമായ നിയമോപദേശത്തോടുകൂടി മലങ്കരസഭയുടെ പൊതുവായ ഉയർച്ച ലക്ഷ്യമാക്കി ഈ ലക്ഷ്യത്തിലേക്ക് പ്രവൃത്തിക്കുകയാണെങ്കിൽ കാലവിളമ്പം കൂടാതെ ഇതു സാധിക്കുമെന്നാണ് പ്രതീക്ഷ. മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് അറിവും കഴിവുമുള്ള നമ്മുടെ വൈദീകരോടുകൂടി ഈ ഒരു കാര്യസാദ്ധ്യത്തിന്നായി നേതൃത്വം നൽകേണ്ടതാണ്.

ഒരു വൈദീക പരിശീലനകേന്ദ്രം നമ്മുടെ മറെറാരു അടിയന്തിരാവശ്യമാണ്. സഭയുടെ ഭാവി അതിലാണ് ആശ്രയിച്ചിരിക്കുന്നത്. നമ്മുടെ സഭയുടെ പാവനമായ വിശ്വാസാചാരങ്ങൾ, സഭാചരിത്രം, ഭക്തിജീവിതം, ഇടവക ജോലി (Parish work) നല്ല പെരുമാററരീതികൾ, ആധുനിക ചിന്താഗതികൾ തുടങ്ങി വേദശാസ്ത്രപരവും കാലാനുസരണവുമായ മതിയായ അറിവും പരിശീലനങ്ങളും നൽകുന്ന ഒരു വൈദീകപഠനശാല അത്യന്താപേക്ഷിതമാണ്. ഇങ്ങനെ ഒരു സ്ഥാപനം ഉണ്ടാക്കുവാൻ സാധിക്കാതെ വരുന്നത് അത്ഭുതകരമാണ്. ആത്മീയമായും, സാമ്പത്തീകമായും വൈദീകരുടെ നില ഉയരേണ്ടതുണ്ട്. അഭിമാനമായി

ജീവിക്കുവാനുള്ള കഴിവുകളും പരിശീലനങ്ങളും അവർക്ക് നല്കണം. വൈദീകരിലാണ് സഭയുടെ ഭാവി നിക്ഷിപ്തമായിരിക്കുന്നത്. ആകയാൽ അവർക്ക് വിളിക്കനുസരണമായുള്ള ഉത്തരവാദിത്വങ്ങൾ ചുമതലാബോധത്തോടെ നിർവഹിക്കുവാനുള്ള കഴിവ് സമ്പാദിച്ചുകൊടുക്കണം. ഏതു ജോലിയിൽ ഏർപ്പെടുന്നതിനും അതതിനനുസരണമായുള്ള വഴക്കങ്ങൾ ആവശ്യമാണെങ്കിൽ ഉൽകൃഷ്ടമായ പുരോഹിതവൃത്തിക്ക് എത്രയധികമായി ആവശ്യമുണ്ട്. മലങ്കരയിൽ സൗകര്യമായ ഒരു സ്ഥലത്ത് 50 വൈദീകവിദ്യാർത്ഥികളെ എങ്കിലും പരിശീലിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലവും പാർപ്പിടസൗകര്യങ്ങളും സഭവകയായി ഉണ്ടാകണം. അഭ്യസനകാലത്തെ സർവ്വ ചിലവുകളും സഭ വഹിക്കണം. ഇവരെ സന്ധിക്കത്തക്കവണ്ണം ശക്തിയുള്ള പള്ളികളും, സന്മനസ്സുള്ള വ്യക്തികളും നമുക്കുണ്ട് എന്നുള്ളത് എത്ര പ്രോത്സാഹജനകമാണ്. അതിന്റെ ചുമതല ഒരു മെത്രാപ്പോലീത്തായെ ഏൽപ്പിച്ചാൽ അതു വിജയകരമായിത്തീരുമെന്നാണ് വിശ്വാസം.

കാര്യക്ഷമമായ സണ്ടേസ്കൂൾ പ്രവൃത്തനം സഭയ്ക്ക് മറ്റൊരു അടിയന്തരാവശ്യമാണ്. ആ കാര്യത്തിൽ വളരെ ചെയ്തുകൊണ്ടിരിക്കുന്ന സണ്ടേസ്കൂൾ അസോസിയേഷൻ ഭാരവാഹികളെ അവരുടെ എല്ലാ പ്രയത്നങ്ങൾക്കായിട്ടും അനുമോദിക്കുന്നതോടൊപ്പം നൂറുശതമാനവും വിജയപ്രദവും പ്രയോജനകരവുമായ രീതിയിൽ ആ പ്രസ്ഥാനത്തെ ആക്കിത്തീർക്കണമെന്ന് അവരെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. കുട്ടികൾക്കു കൊടുക്കുന്ന പരിശീലനമനുസരിച്ച് രാഷ്ട്രത്തിന്റേയും മതങ്ങളുടേയും ഭാവി സ്ഥിതിചെയ്യുന്നു എന്ന് ഗ്രഹിച്ചതിന്റെ ഫലമായിട്ടാണ് വിദ്യാഭ്യാസത്തിന്മേൽ ഇന്ന് വലിയ ബലപ്രയോഗം നടക്കുന്നത്. ആകയാൽ നമ്മുടെ കുട്ടികളുടെ മതപഠനകാര്യത്തിലും ചുമതലപ്പെട്ടവർ പരമാവധി പരിശ്രമിക്കേണ്ടതാണ്. കുഞ്ഞുങ്ങൾ ആസ്തികൃബോധമുള്ളവരായി, സഭാവിശ്വാസങ്ങൾ നല്ലവണ്ണം അറിയാവുന്നവരായി നമ്മുടെ ആചാരാനുഷ്ഠാനങ്ങളിൽ തഴക്കവഴക്കങ്ങൾ ലഭിച്ചവരായി; സഭയേയും, സമുദായത്തേയും ഉറ്റുസ്നേഹിക്കുന്നവരായി വളർന്നുവരട്ടെ. അനർഘമായ ഈ ജോലിയുടെ ചുമതല മറ്റൊരു മെത്രാപ്പോലീത്തായെ ഏൽപ്പിക്കണം.

സുവിശേഷവേല സഭയുടെ മുഖ്യലക്ഷ്യമാകണം. സഭയ്ക്ക് ലഭിച്ച വെളിച്ചം പറയിൻകീഴ വച്ചുകൊണ്ടിരുന്നതിന്റെ കുറവ് ലജ്ജയോടുകൂടി സമ്മതിക്കണം. മലങ്കരസഭ ഒരു പ്രേഷിതസഭയായിത്തീരണം. സഭക്കുള്ളിലെ എല്ലാ ഭിന്നതകളും അവസാനിച്ച്, അംഗങ്ങൾ വിശ്വാസസ്ഥിരതയുള്ളവരായിത്തീർന്ന്, സുവിശേഷവയലുകളിലേക്ക് സഭയുടെ ശ്രദ്ധ തിരിയുന്ന കാലംവരണം. സുവിശേഷവേല ഇല്ലാത്ത സഭയിൽ നിന്ന് ക്രിസ്തീയ ചൈതന്യവും, പ്രസരിപ്പും ഇല്ലാതാകുന്നതിന് ഇടയായിത്തീരും. സുവിശേഷവേലക്കുദർശനം ലഭിക്കാത്തത്, അതിന് യോഗ്യരായ ആളും അർത്ഥവും ഉണ്ടാകാത്തത്, ഒരു വലിയ ന്യൂനതയാണ്.

യാക്കോബായ സമുദായത്തിൽ ഇവകൾ ഉണ്ടാകാതെ ദിവസങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാൻ അനുവദിക്കരുത്. നാം മുന്നോട്ടു പോകുകയുമില്ല. സീയോനിൽനിന്നു കാഹളം മുഴങ്ങുകയും പ്രവാചകശബ്ദം ഉയരുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കാം.

മരണാനന്തരാവസ്ഥ

"സത്യമായിട്ട് സത്യമായിട്ട് ഞാൻ നിങ്ങളോടു പറയുന്നു. എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. അവൻ ന്യായവിധിയിലാകാതെ മരണത്തിൽനിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നു."—യേശുക്രിസ്തു. (യോഹ. 5: 24)

(Fr. Varghese James Son-Manjapra)
Allrights reserved.

മനുഷ്യന്റെ ഭൂതാത്മകമായ കായവും, ഭൂതാതീതമായ ആത്മാവും തമ്മിലുള്ള വേർപാടിനാണല്ലോ മരണം എന്ന് നിർവ്വചിക്കപ്പെടുന്നത്. മനുഷ്യായുസ്സ് വളരെ പരിമിതവും, ക്ഷണഭംഗുരവുമാണെങ്കിലും അതാദ്യന്തം സംഭവബഹുലമാണെന്നുള്ളതിൽ പക്ഷാന്തരമില്ല. കൃത്യാന്തരബഹളങ്ങൾക്കിടയിൽപെട്ട് അലയുന്ന മനുഷ്യന് അവന്റെ ആത്മീയ ഉൽക്കർഷത്തിനുവേണ്ടി കരുതുവാനോ, പ്രയത്നിക്കുവാനോ കിട്ടുന്ന സമയവും സന്ദർഭവും വാസ്തവത്തിൽ വിരളം തന്നെയാണ്. എങ്കിലും മരത്തെക്കുറിച്ച് ഓർമ്മിക്കുവാനോ, മരണം ഭവിച്ചുകിടക്കുന്നവരെ സന്ദർശിക്കുവാനോ, അവർക്കുവേണ്ടി നടത്തപ്പെടുന്ന വിലാപശുശ്രൂഷകളിൽ പങ്കെടുക്കുവാനോ, പരേതരെ അന്തിമോപചാരം ചെയ്ത് കുഴിമാടംവരെ അനുയാത്ര ചെയ്‌വാനോ നമുക്കു കിട്ടുന്ന ചുരുക്കം ചില അവസരങ്ങൾ മരണത്തെക്കുറിച്ചുള്ള ഒരു ചിന്തയ്ക്കും, മരണത്തിനായുള്ള ഒരു ഒരുക്കത്തിനും നമ്മെ വഴിതെളിക്കാറുണ്ട്. "വിരുന്നുഭവനത്തിൽ പോകുന്നതിനേക്കാൾ വിലാപഭവനത്തിലേക്ക് പോകുന്നത് നല്ലതാകുന്നു. അതല്ലോ സകല മനുഷ്യരുടേയും അവസാനം. അതിനെ ജീവിച്ചിരിക്കുന്നവൻ തന്റെ ഹൃദയത്തിൽ കരുതിക്കൊള്ളും." (സഭാപ്രസംഗി. 7: 2) വിശ്രുതനായ ശലോമോന്റെ ഈ ജ്ഞാനനിർദ്ദേശത്തിൽനിന്നും മരണത്തെ കുറിച്ചുള്ള സ്മരണയും, മരണാനന്തര ശുശ്രൂഷകളിലും പരേതരുടെ ശോകമൂകമായ വിലാപയാത്രകളിലുമുള്ള സംബന്ധവും മനുഷ്യർക്ക് വാസ്തവത്തിൽ ഒരാത്മീയ പ്രചോദനം നൽകുമെന്ന് വെളിപ്പെടുന്നുണ്ട്. ഒരു പരേതന്റെ വിലാപയാത്രയിലും അനന്തര കർമ്മങ്ങളിലും സംബന്ധിക്കുന്ന ഏതൊരു സന്ദർശകനേയും, അവനെത്രതന്നെ കഠിനചിത്തനോ നിഷ്ക്കണ്ഠകനോ ആയിരിക്കട്ടെ, "ഞാനും ഈ വഴിയെകൂടി കടന്നുപോകേണ്ടവനാണല്ലോ" എന്നൊരു ചിന്താഗതി ആകസ്മികമായി അവന്റെ മനോദർപ്പണത്തെ അതു തട്ടിഉണർത്താതിരിക്കയില്ല. പ്രകാരാന്തരേണ മനുഷ്യന്റെ മരണാനന്തരാവസ്ഥയെക്കുറിച്ച് നിർവ്വചിക്കപ്പെടുന്ന ഈ ലഘുലേഖനവും വായനക്കാരുടെ മനസ്സിൽ ഒരാത്മീയ പ്രബുദ്ധതയും, മരണത്തിനായുള്ള ഒരു ഒരുക്കവും സൃഷ്ടിക്കുമെങ്കിൽ വിനീതനായ ഞാൻ കൃതാർത്ഥനായി.

A
മനുഷ്യായുസ്സിലെ വിവിധ ഘട്ടങ്ങൾ.

മനുഷ്യന്റെ മരണാനന്തരാവസ്ഥയെക്കുറിച്ചു നാം വിശകലനം ചെയ്യുന്നതിനുമുമ്പ് അവന്റെ ഭൂതകാലചരിത്രത്തെ കുറിച്ചുള്ള ഒരു സാമാന്യനിരീക്ഷണംകൂടി അവശ്യമാണ്. മർത്ത്യായുസ്സിനെ നാം വിചിന്തനംചെയ്യുമ്പോൾ അതിനെ നാലു് പ്രത്യേക ഘട്ടങ്ങൾ (Periods) അഥവാ സോപാന

വി: സഭയിൽപ്പെട്ട വിശ്വാസികളുടെ കാര്യം മാത്രമാണ് ഈ ലേഖനദ്വാരാ പരിഗണിക്കപ്പെടുന്നത്.

ങ്ങളായി വിഭജിക്കാവുന്നതത്രേ. ഇവ ഓരോന്നും പരസ്പരം ദൃഷ്ടിഗോചരമല്ലാത്ത വിധത്തിൽ സർവ്വജ്ഞനായ ആ സൃഷ്ടാവ് ഓരോ യവനികകൊണ്ട് അവ ഓരോന്നും അത്ഭുതകരമാംവണ്ണം മറച്ചിരിക്കുകയാണ്. ഇവ ഓരോന്നിനേ കുറിച്ചും ആദ്യമേ ഇവിടെ സമാഹരിച്ചുകൊള്ളട്ടെ.

1) ഗർഭലോകവാസം:-

ഗർഭോല്പാദനവേളമുതൽ ഭൂജാതപ്പെടുന്നതുവരെ— ഗർഭപാത്രയവനികക്കുള്ളിൽനിന്ന് പുറം കടക്കുന്നതുവരെ ഉള്ള മനുഷ്യന്റെ ഗർഭാശയവാസത്തിനാണ് ഗർഭലോകവാസമെന്ന് വിവക്ഷിക്കപ്പെടുന്നത്. ഒരു വിശ്വാസിയുടെ ജീവിതത്തെ, ഒരു കാലത്ത് യഹോവായുടെ തിരഞ്ഞെടുക്കപ്പെട്ട ജനമായിരുന്ന യിസ്രായേല്യരുടെ കനാൻയാത്രയോട് വി: പിതാക്കന്മാർ ഉപമിക്കാറുണ്ട്. യിസ്രായേൽ ജനതതി മിസ്രയീം പ്രവാസത്തിൽ 430 സംവത്സരം കഴിച്ചുകൂട്ടേണ്ടിവന്നതുപോലെ (പുറ 12: 40) മനുഷ്യൻ ഒൻപത് പൂർണ്ണമാസങ്ങൾ ഗർഭലോകത്തിൽ കഴിച്ചുകൂട്ടേണ്ടിയിരിക്കുന്നു. ഗർഭലോകത്തിലെ ഈ പ്രവാസവേളയിൽ ഗർഭപ്രജകളിൽ ദൈവാത്മാവിന്റെ വ്യാപാരങ്ങളും അനുഗ്രഹങ്ങളും ഉണ്ടാകുമെന്ന് തിരുവചനം സുവർണ്ണലിപികളിൽ രേഖപ്പെടുത്തുന്നുണ്ട്. ഗർഭാശയത്തിൽ വെച്ചുണ്ടായ ഏറമിയായുടെ ശുദ്ധീകരണവും (യറ. 1: 5) യോഹന്നാൻ സ്നാപകന്റെ ആത്മനിറവും (ലൂക്കോ. 1: 15; 41—45) യാക്കോബിന്റെ തിരഞ്ഞെടുപ്പും ഏശാവിന്റെ തിരസ്കരണവും (ആദ്യ. 25:23; മാലാഖി 1:2; റോമർ 9: 11-12 ഒത്തുനോക്കുക) ദൈവീകഗായകനായ ദാവീദിന്റേയും (സങ്കീ. 22:10) പ്രതിഭാശാലിയായ ഏശായയുടേയും (യേശ. 49: 1, 5) വീരപരാക്രമിയായ ശിംശോന്റേയും (ന്യായാ. 13: 5,7) ദൈവവിളിയും തിരഞ്ഞെടുപ്പും മററും ഇതിന് മകുടോദാഹരണങ്ങളാണ്.

2) ഇഹലോകവാസം:-

മനുഷ്യന്റെ ജനനം മുതൽ മരണംവരെ ദൃശ്യലോകത്തിലുള്ള അവന്റെ ജീവിതകാലയളവിനാണ് ഇഹലോകവാസം എന്ന് നിർവ്വചിക്കപ്പെടുന്നത്. ദൈവനിയോഗമനുസരിച്ച് മിസ്രയീം പ്രവാസത്തിൽ നിന്ന് വിടുതൽ ലഭിച്ച യിസ്രായേൽ ജനതതി അനേകപ്രയാസങ്ങളും കായക്ലേശങ്ങളും അഭിമുഖീകരിച്ച് അവയെ തരണം ചെയ്തുകൊണ്ട് "പാലും തേനും ഒഴുകുന്ന" (പുറ. 3: 8) കനാൻ ദേശത്തെ ലക്ഷ്യമാക്കി പ്രയാണം ചെയ്തു. പ്രകാരാന്തരേണ പ്രകൃതിയുടെ നൈസർഗികമായ പ്രമാണമനുസരിച്ച് ഗർഭാശയ യവനികക്കുള്ളിൽനിന്നും വിടുതൽ ലഭിച്ച് ഭൂജാതമെടുക്കുന്ന മനുഷ്യൻ ജീവിതത്തിന്റെ വമ്പിച്ച ഭാരം വഹിച്ചുകൊണ്ട്, അനേക പ്രയാസങ്ങളും വിഷമഘട്ടങ്ങളും അഭിമുഖീകരിച്ച് അവയെ തരണംചെയ്തുകൊണ്ട്, സ്വർഗ്ഗീയ കനാനെ ലക്ഷ്യമാക്കി ദൃശ്യലോകത്തിൽക്കൂടി പ്രയാണംചെയ്യുന്നു. ചെങ്കടൽ തരണംമൂലം ജന്മശത്രുക്കളായ മിസ്രയീംകാരിൽ നിന്ന് യിസ്രായേൽജനം രക്ഷപെട്ടതുപോലെ (പുറ. 14) വി: മാമോദീസാമൂലം (1 കോറ. 10: 1-3) മനുഷ്യവർഗ്ഗത്തിന്റെ ജന്മശത്രുവായ സാത്താനിൽ നിന്നും അവന്റെ ഭീകര അടിമത്വത്തിൽ നിന്നും ദൃശ്യലോകത്തിലേക്ക് പ്രവേശിക്കുന്ന മനുഷ്യൻ ഇദംപ്രഥമമായി വീണ്ടുകൊള്ളപ്പെടുന്നു. മരുഭൂമിയിൽ കൂടിയുള്ള യിസ്രായേൽ ജനത്തിന്റെ ശോകാത്മകമായ സഞ്ചരണത്തിന്റെ സമ്യക്കായ് മനുഷ്യൻ ദൃശ്യലോകമാകുന്ന വിസ്തൃത മരുഭൂമിയിൽക്കൂടി സഞ്ചരണം ചെയ്തുകൊണ്ടിരിക്കുന്നു. കാളസർപ്പങ്ങളുടെ പിടിയിൽ അഗ്നിപരീക്ഷണങ്ങളുടെ മദ്ധ്യേകൂടി യിസ്രായേൽ ജനം അന്ന് സഞ്ചരണം ചെയ്തുഎങ്കിൽ ലോകം-ജഡം-പിശാച് എന്നീകാളസർപ്പങ്ങളുടെപിടിയിൽ ഭൗതികവാദങ്ങളാകുന്ന അഗ്നിപരീക്ഷണങ്ങളുടെ മദ്ധ്യേകൂടി സ്വർഗ്ഗീയ കനാൻ സഞ്ചാരിയായ മനുഷ്യൻ ദൃശ്യലോകത്തിൽ ഇന്നു സഞ്ചരണം ചെയ്തുകൊണ്ടിരിക്കുന്നു. കനാൻ സഞ്ചാരികളായ യിസ്രായേല്യരെ പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും യഹോവയായ ദൈവം അന്നു വഴി തെളിച്ചു എങ്കിൽ (പുറ 13:21) യേശുക്രിസ്തുവിന്റെ ശരീരമാകുന്ന വി: സഭ കനാൻ സഞ്ചാരികളായ അതിന്റെ പ്രജകളെ ഇന്നു വഴിതെളിച്ചുകൊണ്ടിരിക്കുന്നു.

3) വിശ്രമകാലം അഥവാ സമാധിഘട്ടം:-

വാഗ്ദത്തദേശത്തേക്ക് പ്രയാണം ചെയ്തുകൊണ്ടിരുന്ന യിസ്രായേൽ ജനം യോർദ്ദാൻ ആകുന്ന പുണ്യതീർത്ഥം കടന്ന് കനാൻനാട്ടിൽ പ്രവേശിച്ചതുപോലെ സ്വർഗ്ഗീയ കനാനിലേക്ക് പ്രയാണംചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യൻ മരണമാകുന്ന യോർദ്ദാൻ പുണ്യതീർത്ഥം കടന്ന് ആത്മലോകത്തിലേക്കു പ്രവേശിക്കുന്നു. യോർദ്ദാൻ തരണംചെയ്ത യിസ്രായേൽ ജനം ആ പുണ്യതീർത്ഥത്തിൽ നിന്നും ദ്വാദശരത്നങ്ങൾ ഓർമ്മക്കായ് കൊണ്ടുപോയതുപോലെ (യോശു. 4: 5-10) മരണയോർദ്ദാനിൽക്കൂടി കടന്നുപോകുന്ന മനുഷ്യൻ ലോകത്തിൽവെച്ച് സമ്പാദിച്ചിട്ടുള്ള സുകൃതങ്ങളാകുന്ന പുണ്യതീർത്ഥങ്ങളോടും ദുഷ്കർമ്മങ്ങളാകുന്ന പാപകളങ്കങ്ങളോടും കൂടി, അവയെ ഓർമ്മക്കായ് ആത്മാവിൽ വഹിച്ചുകൊണ്ട് ആത്മലോകത്തിലേക്ക് പ്രവേശിക്കുന്നു. സ്ഫടിക തട്ടിന്മേൽ സൂർയ്യരശ്മി ഏതുപ്രകാരം പ്രതിഫലിക്കുന്നുവോ അപ്രകാരംതന്നെ ശരീരത്തിന്റെ സുകൃത ദുഷ്കർമ്മഫലങ്ങൾ അവന്റെ ആത്മാവിന്മേലും പ്രതിഫലിക്കുന്നു. മരണംവരെ ഭൂതലത്തിൽ കൂടി പ്രയാണംചെയ്തുകൊണ്ടിരുന്നവൻ മരണാനന്തരം ഈ ആത്മലോകത്തിൽ വിശ്രമത്തിനായ് എത്തിച്ചേരുന്നു. ഐഹികജീവിതത്തിൽ സ്വഛന്ദംവിഹരിച്ചുകൊണ്ടിരുന്നവൻ പാരത്രീക ജീവിതത്തിൽ വിരാജിക്കുവാൻ തുടങ്ങുന്നു.

"മനുഷ്യൻ പൊടിയിലേക്കുമടങ്ങിച്ചേരും" (യോബ് 34:15) "കൃമി അവരെ മൂടും" (യോബ് 21:26) "നീ അവയുടെ ശ്വാസം എടുക്കുമ്പോൾ അവമരിച്ച് പൊടിയിലേക്കു തിരിയെ ചേരുന്നു" (സങ്കീ. 104:29 "പൊടി പണ്ടായിരുന്നതുപോലെ ഭൂമിയിലേക്ക് തിരിയെ ചേരും; ആത്മാവോ അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിപ്പോകും" (സഭാപ്രസംഗി 12:7) എന്നിത്യാതി വേദസൂക്തികളനുസരിച്ച് മരണയവനികവിട്ട് പുറം കടക്കുന്ന മർത്ത്യന്റെ ഭൂതാത്മകമായ ഭൗതികാവശിഷ്ടം ഭൂതലത്തിലെ ഭൂതാംശങ്ങളോടും അതിൽ ജീവദ്യോതതമായി വ്യാപരിച്ചുകൊണ്ടിരുന്ന പ്രാണൻ വായുവിനോടും ലയിച്ചുചേരുകയും, ശരീരത്തെ നയിച്ച് ഭരിച്ചുകൊണ്ടിരുന്ന ആത്മാവോ ദൈവസാന്നിദ്ധ്യം കളിയാടുന്ന ആത്മലോകത്തിൽ വിരാജിക്കുവാൻ പുറപ്പെട്ടുപോകയും ചെയ്യുന്നു. ആത്മശരീരങ്ങളുടെ ഈ വേർപാട് ഇരുകൂട്ടർക്കും അത്യന്തം ശോകാത്മകമായ ഒരു വിലാപരംഗം തന്നെയാണ്. "പിതാവെ കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്ന് നീങ്ങിപ്പോകണമേ" (മത്താ. 26: 39) എന്നുള്ള യേശുക്രിസ്തുവിന്റെ ഗത്സീമോനിലെ പ്രാർത്ഥനയുടെ ഒരു പ്രതീതിയാണ് ശരീരാത്മാക്കളിൽ ആ സമയം വ്യാപരിക്കുന്നത്. (പുരുഷന്മാരുടെ ശവസംസ്കാരക്രമം പ്രഥമശുശ്രൂഷയിലെ "ബ്രിഖ്മശീഹോ ഗീതങ്ങൾമുതലായവ) എങ്കിലും ദൈവേഷ്ടംതന്നെ ആ സമയം നിറവേറുന്നു.

മനുഷ്യന്റെ ഇഹലോകവാസത്തെക്കുറിച്ച് ചിന്തിച്ചിട്ടുള്ള പലരും അത് കേവലം അസ്ഥിരമാണെന്നും, അത് നിഴൽപോലെയോ, വയലിൽ മുളക്കുന്ന പുല്ലുപോലെയോ, അവയുടെ പുഷ്പസമാനമോ ക്ഷണഭംഗുരമാണെന്നും നിർവ്വചിച്ചിട്ടുണ്ട്. (യോബ് 14:2; 8:9 etc.) പോരെങ്കിൽ പ്രകൃതി അനുദിനം അത് നമ്മെ പ്രായോഗികമാക്കി പഠിപ്പിച്ചുകൊണ്ടുമിരിക്കുന്നു. പുല്ലുവാടി, പുഷ്പം പൊഴിഞ്ഞ്, നിഴൽ മാഞ്ഞുപോകുന്നതുപോലെ മനുഷ്യന്റെ ആയുസ്സും ക്ഷണനേരംകൊണ്ടവസാനിക്കുന്നു. ലോകരംഗത്ത് നിന്നും വേർപ്പെട്ടുകൊൾവാനുള്ള ദൈവത്തിന്റെ ആജ്ഞ ആകസ്മികമായി മനുഷ്യാന്മാവിന് ലഭിക്കുന്നു. മരണദൂതൻ ഈ മരണവാറണ്ടുംകൊണ്ട് മനുഷ്യന്റെ അടുക്കൽ പ്രവേശിക്കുന്നു. ദൈവകല്പനയനുസരിച്ച് ആ ഭീകരദൂതൻ ദയാലേശമെന്യെ മനുഷ്യന്റെ ആത്മാവിനെ പിടികൂടുന്നു. ഭൂതാത്മകമായ മനുഷ്യന്റെ ശരീരവും, ഭൂതാതീതമായ അവന്റെ ആത്മാവും തമ്മിൽ മരണദൂതൻ വേർതിരിക്കുന്നു. ഇതിന്റെ ഒരു പ്രത്യക്ഷ ലക്ഷണമായി പ്രാണവായു ശരീരത്തിൽനിന്ന് അന്ത്യയാത്ര പറഞ്ഞ് പിരിഞ്ഞ് പ്രകൃതിയിൽ ലയിക്കുന്നു. ആത്മാവാകട്ടെ അവനെ വിളിച്ചവനായ ദൈവസന്നിധിയിലേക്ക്—അവനായ് നിയുക്തമായിരിക്കുന്ന ആത്മ

ലോകത്തിലേക്ക്—വിശ്രമത്തിനായ് മരണദൂതന്റെ അകമ്പടിയോടുകൂടി യാത്രതിരിക്കുന്നു. "ഇന്ന് നീ എന്നോടുകൂടി പറുദീസായിലിരിക്കും" (ലൂക്കോ. 23: 43) എന്നുള്ള യേശുക്രിസ്തുവിന്റെ വാഗ്ദത്തമനുസരിച്ച് തന്റെ ശരീരമാകുന്ന സഭയുടെ ഈ ദൃശ്യ യവനികക്കപ്പുറം അദൃശ്യയവനികക്കുള്ളിൽ പറുദീസായിലേക്കവനെ മരണദൂതൻ വഴിതെളിക്കുന്നു. ആത്മ, പ്രാണ (വായു), വേർപാടോടുകൂടി നിർജ്ജീവമായിതീർന്ന ഭൗതിക ശരീരമാകട്ടെ കുഴിമാടത്തിലേക്ക് അതിന്റെ ഇടക്കാലവിശ്രമത്തിനായ് പ്രവേശിക്കയും ചെയ്യുന്നു. "നീ പൊടിയാകുന്നു; പൊടിയിലേക്കു തന്നെ വീണ്ടും ചേരുകയും ചെയ്യും" എന്നുള്ള (ആദ്യ. 3:19) ദൈവത്തിന്റെ ആദ്യവിധി മനുഷ്യൻ തലകുനിച്ചു സ്വീകരിക്കുന്നു. ഇങ്ങനെ മരണത്തോടുകൂടി മനുഷ്യൻ ആത്മാവും ശരീരവുമെന്ന രണ്ടു പ്രത്യയങ്ങളായി തിരിഞ്ഞിട്ട്, കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യാഗമനം വരെ, അതാതിന്റെ ഇടക്കാലവിശ്രമത്തിന്നായ് പുറപ്പെടുന്നു. ഭൂതാത്മകമായ മർത്ത്യശരീരം കുഴിമാടത്തിലേക്കും ഭൂതാതീതമായ ആത്മാവ് ആത്മലോകത്തിലേക്കും അവയുടെ ഇടക്കാലവിശ്രമത്തിനായ് പ്രവേശിക്കുന്നു അണ്ഡഘട്ടം കീടഘട്ടം ഇവയെ തരണം ചെയ്തുവരുന്ന പ്രാണിജീവി സമാധിയിൽ പ്രവേശിക്കുന്നു എന്നു പ്രാണിശാസ്ത്രം പഠിപ്പിക്കുന്നതുപോലെ, ഗർഭഭൂലോകങ്ങളിലെ പ്രവാസങ്ങൾ കഴിഞ്ഞുവരുന്ന മനുഷ്യന്റെ ശരീരാത്മാക്കൾ വ്യത്യസ്ഥമായ രീതിയിൽ, വ്യത്യസ്ഥ സ്ഥലങ്ങളിൽ സമാധി അടയ്ക്കുന്നു. അതിനാൽ മരണത്തോടുകൂടി മർത്ത്യൻ നാശംഭവിച്ച് കഥാവശേഷനായിതീരുകയല്ല ചെയ്യുന്നത് പ്രത്യുത അവന്റെ ജീവിതത്തിന് വലിയൊരു പരിവർത്തനം അഥവാ വ്യതിയാനം സംഭവിക്കുന്നു. അവന്റെ മർത്ത്യതക്ക് നാശംഭവിച്ചിട്ട് അമർത്ത്യതയിലേക്കവൻ പ്രവേശിക്കുന്നു. (യോഹ. 5: 24.)

ഭൂതാംശങ്ങളോട് യോജിച്ചുചേർന്ന അവന്റെ ഭൗതികാവശിഷ്ടവും, അന്തരീക്ഷത്തിൽ ലയിച്ചുചേർന്ന അവന്റെ പ്രാണവായുവും, ആത്മലോകത്ത് വിശ്രമിക്കുന്ന അവന്റെ ആത്മാവും ഏകയോഗമായി സമ്മേളിച്ച് ദൃശ്യലോകത്തിൽ വിരാജിച്ചിരുന്നപ്പോൾ അവന്റെ ജീവിതവും പ്രവർത്തിയും ഏതുപ്രകാരമായിരുന്നുവോ തദനുസൃതമായ ഒരിടക്കാലവിശ്രമാനുഭവത്തിലത്രേ അവന്റെ ആത്മാവ് എത്തിച്ചേരുന്നത്. വാഗ്ദത്തദേശത്തിൽ വിവിധ ഭൂപ്രദേശങ്ങൾ വിവിധ ഗോത്രക്കാർക്കവകാശമൊതുങ്ങിയതുപോലെ (യോശുവ 14 മർത്ത്യാത്മാക്കൾക്കും അവയുടെ ഭൂതകാല ജീവിതമനുസരിച്ചുള്ള ഇടക്കാലവിശ്രമസങ്കേതങ്ങൾ ആ

യേശുക്രിസ്തുവിന്റെ ഉയർപ്പുശരീരത്തെ കുറിച്ച് തിരുവെഴുത്തിന്റെ വെളിച്ചത്തിൽ നാമൊരു സൂക്ഷ്മനിരീക്ഷണം നടത്തുമ്പോൾ അതു് മനുഷ്യന്റെ സ്ഥൂലനയനങ്ങൾക്ക് ദൃഷ്ടിഗോചരവും, അവന്റെ സ്ഥൂല കൈകൾക്ക് സ്പർശനീയവുമായ ഒരു മാംസളശരീരമായിരുന്നു (ലൂക്കോ. 24:36-43) എന്നു കാണുന്നുണ്ട്. എന്തെന്നാൽ ഉയർപ്പിനുശേഷം താൻ പലപ്രാവശ്യം ശിഷ്യന്മാർക്ക് കാണപ്പെടുന്നു (ലൂ. 24 മത്താ. 28; മർക്കോ. 16; യോഹ. 20; 21) ശിഷ്യന്മാരുടെ ഉറപ്പിലേക്ക് മാംസളമായ തന്റെ ഉയർപ്പുശരീരം തൊട്ടുനോക്കി വിശ്വസിപ്പാനവരെ അനുവദിക്കുന്നു. (ലൂ. 24: 39—41; യോഹ. 20:20—28) മാത്രമല്ല താനവരോടുകൂടി സഞ്ചരിക്കയും (ലൂ. 24:13-36;) ഭക്ഷണം കഴിക്കയും (ലൂ. 24:41-44) ചെയ്തതായും കാണുന്നുണ്ട്. എന്നാൽ ശിഷ്യന്മാർ വാതിലടച്ച് മുറിക്കകത്ത് കൂടിയിരിക്കുമ്പോൾ വാതിൽ തുറക്കാതെ താൻ മുറിക്കകത്ത് പ്രവേശിച്ചതായും കാണുന്നുണ്ട്. (യോഹ. 20:19; 26 വാക്യങ്ങൾ) അതിനാൽ സ്ഥലകാലബന്ധങ്ങൾക്കതീതമായ ഒരു ജപാന്തരം ഭവിച്ച അനശ്വരമർത്ത്യശരീരമായിരുന്നു യേശുക്രിസ്തുവിന്റെ ഉയർപ്പുശരീരമെന്ന് നിസ്സന്ദേഹം പറയാം. എന്നാൽ പാപശിക്ഷയുടെ വിടവുകൾ അതിൽ അവശേഷിച്ചിരുന്നതുപോലെ (യോഹ. 20:20 & 27) രൂപാന്തരം ഭവിക്കുന്ന മർത്ത്യശരീരത്തിലും പാപകളങ്കങ്ങളും സുകൃതനിക്ഷേപങ്ങളും പ്രതിഫലിച്ചിരിക്കുമെന്ന് നിർവ്വചിക്കപ്പെടുന്നു.

ത്മലോകത്ത് ലഭിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ പുനരാഗമനംവരെ—ലോക രക്ഷാർത്ഥമുള്ള തന്റെ മഹായജ്ഞത്തിന്റെ സമ്പൂർണ്ണതവരെ—ഈ ആത്മലോകവും, മർത്ത്യാത്മാക്കളുടെ ഇടക്കാലവിശ്രമവും നിലനില്ക്കുന്നു. യേശുക്രിസ്തുവിന്റെ പുനരാഗമനത്തോടുകൂടി ഇവക്കെല്ലാം വ്യതിയാനം അഥവാ പരിവർത്തനം ഭവിക്കയും ചെയ്യുന്നു. (2 പത്രോ. 3: 10-14; 1 കോറ. 15:52-54)

4) മനുഷ്യന്റെ നിത്യത

(Eternity) യോവേൽ പ്രവാചകന്റെ ദീർഘദർശനമനുസരിച്ചും, (യോവേ. 3:11—16) കർത്താവായ യേശുക്രിസ്തുവിന്റെ പ്രബോധനമനുസരിച്ചും (മത്താ. 25:31—46) ലോകാവസാനത്തിങ്കൽ "യഹോശാഫാത്ത്" താഴ്വരയിൽവെച്ച് നടക്കുവാൻ പോകുന്ന അന്ത്യന്യായവിധിക്കുശേഷം മനുഷ്യന് അവന്റെ സുകൃതദുഷ്കർമ്മങ്ങൾക്കനുസൃതമായി ലഭിക്കുവാനിരിക്കുന്ന അനുഭവത്തിനാണ് നിത്യതയെന്നു പറയുന്നത്. ആ ദിവസം മുതൽ സല്കർമ്മികൾ നിത്യാനന്ദവും (സായൂജ്യം) ദുഷ്കർമ്മികൾ നിത്യദണ്ഡനവും (ഗീഹാനോ=നരകം അനുഭവിക്കാൻ തുടങ്ങുന്നു. നമ്മുടെ കർത്താവിന്റെ അന്ത്യവരവിൽ അപ്പസ്തോലനിർവ്വചനപ്രകാരം (1 കോറ. 15:51—52) ഭൂതാവശേഷമായിതീർന്ന മനുഷ്യന്റെ കായവും, അന്തരീക്ഷത്തിൽ ലയിച്ചുചേർന്ന പ്രാണവായുവും, ആത്മലോകത്തിൽ പാരത്രീകവിശ്രമനിർവൃതിയടയുന്ന ആത്മാവും കൂടി അത്യത്ഭുതകരമാംവണ്ണം വീണ്ടും സംയോജിക്കുന്നു. ഈ സംയോജനത്തിന്റെ ഫലമായി മനുഷ്യൻ അവന്റെ ഇടക്കാലവിശ്രമമാകുന്ന സമാധിഘട്ടത്തിന് നിത്യവിരാമമിട്ടിട്ട് സ്വശരീരനായി പുനരുത്ഥാനം ചെയ്യുന്നു. "നശിച്ചുപോകുന്ന ഇതു് നാശമില്ലായ്മയേയും, മരിച്ചുപോകുന്ന ഇതു് മരണമില്ലായ്മയേയും ധരിക്കു"മെന്നുള്ള (1 കോറ. 15: 53—54.) അപ്പസ്തോല നിർവ്വചനപ്രകാരം ഭൂതാത്മകമെങ്കിലും ദൈവനിർണ്ണയപ്രകാരം രൂപാന്തരം ഭവിച്ചതും സ്ഥലകാല ബന്ധങ്ങൾക്കതീതവുമായ ഒരു അനശ്വര ശരീരത്തോടുകൂടി മനുഷ്യൻ ഉയർത്തെഴുനേല്ക്കുന്നു. പുനരുത്ഥാനത്തിൽ മനുഷ്യവർഗ്ഗം സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ ആയിതീരുമെന്നുള്ള യേശുക്രിസ്തുവിന്റെ ഉപദേശമനുസരിച്ച് (മത്താ. 22:30—31) തന്റെ ഉയർപ്പുശരീരത്തിന്റെ സമൃക്കായ്, സ്ഥലകാലബന്ധങ്ങൾക്കതീതമായ (യോഹ. 20:17, 19—23, 26-30; ലൂക്കോ. 24: 36—44) ഒരു പരിവർത്തനശരീരത്തോടുകൂടി മനുഷ്യൻ പുനരുത്ഥാനം ചെയ്യുന്നു. കുഞ്ഞാടിന്റെ വിധിയനുസരിച്ച് അവന്റെ ഭൂതകാലവളർച്ചക്കനുസൃതമായ നിത്യതയിലേക്കവൻ പ്രവേശിക്കയും ചെയ്യുന്നു. നിത്യാനന്ദം ലഭിക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടി ഗർഭലോകത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, പ്രാണിശാസ്ത്രം പഠിപ്പിക്കുന്നതുപോലെ അണ്ഡം—കീടം—സമാധി എന്നീ മൂന്നു ഘട്ടങ്ങൾക്ക് സമൃക്കായ, ഗർഭവാസം—ഭൂലോകവാസം—ഇടക്കാലവിശ്രമം ഇവയെ തരണം ചെയ്തുകൊണ്ട് അവന്റെ ഭൂതകാലവളർച്ചയനുസരിച്ച് സാക്ഷാൽ ശലഭഘട്ടമാകുന്ന നിത്യാനന്ദസായൂജ്യത്തിലേക്കോ നിത്യദണ്ഡനത്തിലേക്കോ അവൻ വന്നുചേരുന്നു. അതിനുമാററമില്ല. ഭേദമില്ല. അന്തമില്ല. വ്യതിയാനമില്ല. പിന്നെയോ അനന്തതയിൽ എന്നാളും അത് വ്യാപരിക്കുന്നു.

അണ്ഡഘട്ടം മുതൽ ശലഭഘട്ടം വരെ പ്രാണിജീവികൾ ജീവിതത്തിൽ പുരോഗമിച്ചും വളർന്നുംകൊണ്ടുമിരിക്കുന്നു എന്ന് ജന്തുശാസ്ത്രം പഠിപ്പിക്കുന്നതുപോലെ, ഗർഭഘട്ടം മുതൽ നിത്യതയാകുന്ന അന്തിമഘട്ടം വരെ മനുഷ്യനും അവന്റെ ജീവിതത്തിൽ പുരോഗമിച്ചും വളർന്നുംകൊണ്ടിരിക്കയാണ്. ഗർഭപ്രവാസവും സമാധിഘട്ടവും (മരണാനന്തരവിശ്രമം) മനുഷ്യന് പ്രവർത്തിയുടെ കാലമല്ലങ്കിലും ഗർഭപ്രജവളരുകയും ദൈവാത്മാവവനിൽ വ്യാപരിക്കുകയും ചെയ്യുന്നതുപോലെയും, പ്രകൃതിയുടെ നൈസർഗ്ഗികമായ പ്രമാണമനുസരിച്ച് സമാധിയിലിരിക്കുന്ന പ്രാണിജീവികൾ വീണ്ടും വളർച്ച പ്രാപിച്ച് ശലഭമായി തീരുന്നതുപോലെയും, മനുഷ്യന്റെ സമാധിഘട്ടമാകുന്ന മരണാനന്തരവിശ്രമവേളയിലും മർത്ത്യാത്മാവ് ദൈവകൃപയെ ആസ്വദിച്ചും, ദൈവത്തെ സ്തുതിച്ചും, പ്രാർത്ഥിച്ചും, ആരാധിച്ചുംകൊണ്ട് കൃപയിലും പുണ്യത്തിലും വളർന്നുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ കൃപ വ്യാപാ

രങ്ങളെ കുറിച്ചു് നാം ഒരു സൂക്ഷ്മാവലോകനം നടത്തുമ്പോൾ അതു് മനുഷ്യന്റെ പ്രവൃത്തികൊണ്ടു് മാത്രം കിട്ടുന്നതോ കിട്ടാവുന്നതോ അല്ലെന്നും പിന്നെയോ അതു് ദൈവത്തിന്റെ ഒരു സൗജന്യദാനംമാത്രമാണെന്നും വേദസൂക്തിക്രമത്തെപഠിപ്പിക്കുന്നുണ്ടു്. (എഫെ. 2:8; എബ്രാ. 6:4; യോഹ. 4:10; റോമർ 9:15_16) ആ സ്ഥിതിക്കു് ദൈവത്തിന്റെ ഈ സൗജന്യദാനം പ്രവൃത്തിരഹിതരായ ഗർഭപുജകർക്കും സമാധിയിൽ നിർവൃതി അടയുന്ന മനുഷ്യാത്മാക്കൾക്കും കിട്ടുവാൻ അർഹതയില്ലെന്നോ, അവരിൽ അതു് വ്യാപരിക്കയില്ലെന്നോ ആക്ഷേപിക്കാം.

ഈ പശ്ചാത്തലത്തിൽ നാം എന്താണു് മനസ്സിലാക്കേണ്ടതു്? മരണം എന്നതു് മനുഷ്യനു് ഒരിക്കലും ഒരു നാശഗർത്തമല്ല. പിന്നേയോ അതു് അവന്റെ ആത്മശരീരങ്ങൾക്കു് ഒരു പരിവർത്തനഘട്ടം മാത്രമാണു്. സംഭവബഹുലമായ ഒരു ഭൂതകാല ചരിത്രത്തിനുശേഷം അതിനെ പിൻതള്ളിക്കൊണ്ടു് മനുഷ്യന്റെ ശരീരാത്മാക്കൾക്കു് വിശ്രമകവാടം തുറക്കുന്ന ഒരവധി മാത്രമാണു് മരണം എന്നു പറയുന്നതു്. പ്രവർത്തനരംഗത്തുനിന്നും അവധിയിൽ പ്രവേശിക്കുന്ന — പെൻഷ്യൻപറ്റി പിരിയുന്ന ഒരു ജീവനക്കാരനെപ്പോലെ മരണം മനുഷ്യനു് വിശ്രമത്തിനുള്ള ഒരനുവാദം നൽകുകമാത്രമാണു് ചെയ്യുന്നതു്. ഏസ്വമായ ഈ ലോകത്തിൽ നിന്നും അതിവിശുദ്ധതമായ ഒരു പുതിയ ലോകത്തിലേക്കു് അവൻ യാത്ര അയയ്ക്കപ്പെടുന്നു. മരണംമൂലം അതിന്റെ ഭൗമിക്രുടാരത്തിൽ നിന്നു് അഴിച്ചുവിടപ്പെട്ട മനുഷ്യാത്മാവു് ആത്മലോകത്തിലേക്കും അതിന്റെ ഭൗതികാവശിഷ്ടം ശവകുടീരത്തിലേക്കും വിശ്രമത്തിനായിട്ടു പിരിയുന്നു. ഈ സമാധിഘട്ടത്തിന്റെ കാലസംപൂർണ്ണതവരുമ്പോൾ ദൈവനിയോഗമനുസരിച്ചു്, അത്യുത്തമകരമാംവണ്ണം അവ വീണ്ടും ഏകയോഗമായി സംയോജിച്ചു് ഒരു ജനനസൃഷ്ടിയായി ഉടലെടുക്കുന്നു. ഈ സംയോജനത്തിനുശേഷം ആത്മശരീരവാനായ ആ പുണ്ണ്യമനുഷ്യൻ അവന്റെ ഭൂതകാലവൃത്തിയനുസരിച്ചുള്ള നിത്യതയിലേക്കു് പ്രവേശിക്കുന്നു. അനന്തതയിൽ അതു് വ്യാപരിക്കുകയും ചെയ്യുന്നു.

(ശേഷം അടുത്ത ലക്കത്തിൽ)

സീയോൻ സഞ്ചാരി III തുടർച്ച

Fr. V. C. Gheevarghese; B. A.,
(Rights reserved)

ഭക്തിമാർഗ്ഗത്തിന്റെ പ്രാരംഭം

ആത്മാവിന്റെ വിശുദ്ധീകരണമാണു് ഭക്തിമാർഗ്ഗത്തിന്റെ ആരംഭം. ഉത്തമഗീതം 2:12—ൽ 'പുഷ്പങ്ങൾ ഭൂമിയിൽ ഉണ്ടായിതുടങ്ങുന്നു; വള്ളിത്തലകൾ മുറിക്കുന്നതിനുള്ള സമയം വന്നിരിക്കുന്നു; എന്നു് പാടുന്നുണ്ടു്. എന്താണു് ഇതിന്റെ ആത്മീയ അർത്ഥം? പുഷ്പങ്ങൾ നമ്മുടെ ജീവിതമാകുന്ന ഉദ്യാനത്തിൽ കാണപ്പെടുന്ന സുകൃതങ്ങളാണു്. അവയ്ക്കുള്ള സമയമാകുമ്പോൾ ജീവിതത്തിൽനിന്നും പാപകരമായ സകലതിനെയും നീക്കി ഛേദിച്ചുകളയണം എന്നതത്രെ. ഭക്തിയാകുന്ന സുഗന്ധപുഷ്പം വികസിച്ചു് വിലസണമെങ്കിൽ ആത്മാവിലുള്ള പാപകരങ്ങളും നിരുപയോഗങ്ങളുമായ സകലത്തിൽ നിന്നും ആത്മാവിനെ ശുചീകരിക്കണം.

ഒരു മണവാട്ടി തന്റെ മണവാളനു് പ്രീതിവാത്സല്യമുള്ളവളായിത്തീരണമെങ്കിൽ അയോഗ്യമായിട്ടുള്ളതെല്ലാം അവളിൽനിന്നും നീക്കിക്കളയണം. മിശിഹായുടെ ഹൃദയവല്ലഭയായി ഒരാത്മാവിനു് തീരണമെങ്കിൽ സകലവിധ മാലിന്യങ്ങളിൽ നിന്നും അവൾ ശുചീകരിക്കപ്പെടണം. ആത്മാവിന്റെമാലിന്യം എവിടെനിന്നത്രെവിക്കുന്നു? മനുഷ്യന്റെ മനസ്സിൽ ജനിക്കുന്ന വിവിധ ആസക്തികളിൽ നിന്നത്രെ. അതിനാൽ ആശകളെ നിഗ്രഹം ചെയ്യുന്നതിനു് സാധിക്കാത്തപക്ഷം ആത്മാവിന്റെ ശുചീകരണവും സാദ്ധ്യമാകയില്ല. ചിലർക്കു് ഇതു് പെട്ടെന്നു് സാധിച്ചിട്ടുണ്ടു്. മാർ പൌലോസു് ശ്ലീഹാ, മശിഹനമരിയാം, മുതലായവർ അങ്ങിനെയുള്ള പരിശുദ്ധ ഹൃദയം ഉള്ളവരായിരുന്നു. എന്നാൽ ഇതു് അത്ര സാധാരണയല്ല. ആത്മീയരംഗത്തിലെ ഒരു അസാധാരണ അത്ഭുതം തന്നെയാണു് ഇതും. ഇങ്ങനെ ഒരത്ഭുതം നമ്മിൽ നടക്കുമെന്നു് ആശിക്കയേവേണ്ട. പടിപടിയായി മാത്രമേ ശുചീകരണം നമ്മുടെആത്മാവിൽ നടക്കുവാൻഇടയുള്ളു. ആത്മാവിനു് രോഗവും അധഃപതനവും ഒരു നിമിഷംകൊണ്ടുവരാം. എന്നാൽമന്ദഗതിയിൽമാത്രമെ ശുചീകരണംപൂർത്തിയാകയുള്ളു. മനുഷ്യശരീരത്തിനു് ഒരപകടം പെട്ടെന്നുണ്ടാകാം എന്നാൽ വളരെ നാളത്തെ ചികിത്സയും നഴ്സിംഗും കൊണ്ടുമാത്രമെ ആരോഗ്യം ശരിപ്പെട്ടുവരികയുള്ളുവല്ലൊ. യാക്കോബു് കണ്ട ഗോവണിയിൽ ചിറകുണ്ടായിട്ടും മാലാഖമാർ പടിപടിയായി കയറുകയും ഇറങ്ങുകയും ആണു് ചെയ്തതു്. സൂര്യൻ ഉദിച്ചു് ഭൂമിക്കു് പ്രകാശം പ്രദാനം ചെയ്യുന്നതും പടിപടിയായിട്ടാണു്. ആത്മാവിന്റെ ശുചീകരണം ഇതുപോലെ പടിപടിയായി വളരണം.

അതിനാൽ ഐദംപര്യേണയുള്ള പരിശ്രമംകൊണ്ടുതന്നെ ഇതു് സാധിക്കേണ്ടിയിരിക്കുന്നു. ചില ആളുകൾ ഒറ്റദിവസം കൊണ്ടു് ആത്മശുദ്ധീകരണം മുഴുവനും സാധിച്ചുപോയി എന്നു് വിചാരിക്കാറുണ്ടു്. ചിറകു ക്രുടാതെ പറക്കുവാൻ ശ്രമിക്കുന്ന ഒരു ജന്തുവിന്റെ അപകടം അവർക്കുണ്ടാകുന്നു. ഭക്തിജീവിതത്തിന്റെ ആരംഭദശയിൽതന്നെ അവർ പൂർണ്ണതയിൽ എത്തി എന്നു് അഹങ്കരിച്ചുപോകുന്നു. (Potential Sanctification) അന്തർലീനമായ വിശുദ്ധിയുടെ ഒരു ശക്തി ദൈവം അവരിൽ വച്ചു എന്നുള്ളതു് സത്യമായിരിക്കണം. കോഴിമുട്ടയിൽ ഒരു കോഴി ഉണ്ടെന്നു് പറയുന്നതുപോലെ അതു് ഒരു തത്വപരമായ സത്യമാണു്. പക്ഷെ മുട്ടയിൽനിന്നും കോഴിയെ കിട്ടണമെങ്കിൽ പടിപടിയായി വളരെ ക്ഷമാപൂർവ്വം പ്രയത്നിക്കേണ്ടതുണ്ടല്ലൊ. ശുചീകരണത്തിനു് ഒരു പ്രാരംഭവും ഒരു വളർച്ചയും ഉണ്ടെന്നു് അറിഞ്ഞിരിക്കണം. മാനസാന്തരപ്പെടുന്ന നാളിൽ അതിന്റെ ആരംഭം ഉണ്ടാകുന്നു എന്നു വരികിലും ക്രിസ്തുവിന്റെ തികഞ്ഞ സ്വഭാവശ്രേഷ്ഠതയിൽ എത്തുമ്പോഴാണു് അതിന്റെ പൂർണ്ണത ഉണ്ടാകുന്നതു്. അതിനാൽ നമ്മുടെ മരണനാൾവരെ ആത്മാവിന്റെ ശുചീകരണത്തിനുവേണ്ടി യത്നിക്കുതന്നെവേണം. കുറെനാൾ കേരായി ജീവിച്ചശേഷം തങ്ങളിൽ പിന്നേയും അപൂർണ്ണതകൾ കാണുന്നതുകൊണ്ടു് നിരാശരായി പോകുന്നവർ ഒട്ടും ചുരുക്കമല്ല. മരണംവരെയും ആത്മപവർത്തീകരണത്തിനുള്ള നിരന്തരയത്നം മതിയാക്കിക്കളയരുതു്.

നമ്മിൽ കുറെ ന്യൂനതകൾ പരിഹരിച്ചുകഴിയുമ്പോൾ പുതിയ പുതിയ ബലഹീനതകൾ തലപൊക്കുന്നതു കാണാം. അങ്ങിനെ കാണുമ്പോൾ ഭഗ്നാശരായി പിന്തിരിഞ്ഞുപോകുന്നവർക്കു് ഭക്തിമാർഗ്ഗത്തിൽ ചരിക്കുവാനാവതല്ല. പുണ്ണ്യാഭിവൃദ്ധിയുടെലക്ഷണം മരണംവരെ ആയുധം താഴ്ത്തുവയ്ക്കാതെപോരാടുകഎന്നുള്ളതാണു്. പുതിയപുതിയദോഷങ്ങൾ നമ്മിൽ കാണിച്ചുതരുന്നതു് ദൈവകൃപയുടെ ഒരു ലക്ഷണമാണു്. എന്തുകൊണ്ടെന്നാൽ ദോഷങ്ങൾ കാണാതെ അവയെ നീക്കിക്കളയുവാൻ നിവർത്തിയില്ലല്ലൊ. പരിശുദ്ധാത്മാവാണു് പാപബോധം ഉണ്ടാക്കുന്നതു്. പാപബോധം വരാതിരിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ പ്രകാശം ശരിയായി തട്ടുന്നില്ല എന്നതത്രെ ഗ്രഹിക്കേണ്ടതു്.

മരണംവരെ നമ്മിൽ പരീക്ഷകൾ ഉണ്ടായിക്കൊണ്ടിരിക്കും. ആഗ്രഹങ്ങളിൽ (Desires) നിന്നാണു് പരീക്ഷകൾ ഉത്ഭവിക്കുന്നതു്. ആഗ്രഹം ഉണ്ടാകുന്നിടത്തോളം പരീക്ഷയും ഉണ്ടാകും. ജീവ

നുള്ളിടത്തോളം ആഗ്രഹങ്ങൾ ഉണ്ടാകയും ചെയ്യും അതുകൊണ്ടാണ് മരണംവരെ പരീക്ഷകൾ ഉണ്ടാകുമെന്ന് പറയുന്നതു്. പരീക്ഷകൾ ഉണ്ടാകുമ്പോൾ ആശാനിഗ്രഹം (Mortification) ചെയ്തു് ജയം നേടുകതന്നെ വേണം. ഇതു് മരണംവരെയും ഉള്ള ഒരു ഭക്തന്റെ ജോലിയാണ്. പരീക്ഷകൾ ഇല്ലാതിരിക്കുന്നതല്ല നമ്മുടെ പുണ്യം; പിന്നയൊ അവയ്ക്കു് കീഴ്പ്പെടാതിരിക്കുന്നതാണ്. പരീക്ഷകൾ മൂലമുള്ള ശല്യം ഈ ആയുസ്സിൽ സഹിക്കേണ്ടിയിരിക്കുന്നു. അതിനായിട്ടു് തന്നെയാണ് നമ്മെ ഈ ഭൂമിയിൽ വച്ചിരിക്കുന്നതു്. പരീക്ഷകളെ ജയിക്കുന്നതുമൂലം ഒരു വ്യക്തിമാഹാത്മ്യം ലഭിക്കും. അതാണ് നമുക്കു് കിട്ടുന്ന ഡിപ്ലോമ. ഈ ഘോരമായ ആത്മീയസമരത്തിൽ നമുക്കു് പല മുറിവുകളും ഉണ്ടാകുകതന്നെ ചെയ്യും. അവ നമ്മെ വിനീതരാക്കുകയല്ലാതെ നിരാശപ്പെടുത്തരുതു്. എന്തെന്നാൽ പാപത്തെകവിയുന്ന ഒരു കൃപ ക്രിസ്തുവിന്റെ രക്തം സമ്പാദിച്ചു വച്ചിട്ടുള്ളതിനാൽ പോരാട്ടം ചെയ്യുന്ന ക്രിസ്തീയ ഭടന്നു് ഭഗ്നാശക്കു് ആവശ്യമില്ല.

ഒരു തെററിദ്ധാരണയിൽ നിന്നും സീയോൻ സഞ്ചാരി വിമുക്തനായിരിക്കണം. പാപങ്ങൾ രണ്ടു തരമുണ്ടു്. 1) മരണത്തിലേക്കുള്ള പാപം, 2) മരണാർഹമല്ലാത്തപാപം. (1 യോഹ 5=16) മരണാർഹമായ പാപം ചെയ്താൽ മാത്രമെ ആത്മാവിന് ലഭിച്ചിരിക്കുന്ന നിത്യജീവൻ നശിക്കുകയുള്ളു. മരണാർഹമല്ലാത്ത ലഘുപാപങ്ങൾ കൊണ്ടോ, അപൂർണ്ണതകൾ (Imperfections) കൊണ്ടൊ ആത്മജീവൻ നശിക്കയില്ല. വളരെ കുറവുകൾ വരുത്തും എന്നേയുള്ളു. ഒരു പാപം മരണാർഹമായിരിക്കണമെങ്കിൽ മൂന്നു സംഗതികൾ അതിൽ ഒഴിച്ചുകൂടാത്തതുണ്ടു്. 1) അഭ്യന്തരമോ ബാഹ്യമോ ആയ പ്രവൃത്തി ഘനമായ ദോഷമായിരിക്കയും) ഘനമായ ദോഷമാണെന്നു് മനഃസാക്ഷിക്കു് അറിവുണ്ടായിരിക്കയും ചെയ്യേണ്ടതാണ്. 2) പ്രവൃത്തി ചെയ്യുന്ന സമയത്തോ അതിനു കാരണം കൊടുക്കുന്ന നേരത്തോ ആ, കൃത്യം ഘനമായപാപമാണെന്നു് ബുദ്ധികൊണ്ടു് ചിന്തിച്ചിട്ടുണ്ടായിരിക്കണം. 3) മനസ്സു് പൂർണ്ണമായും സ്വാതന്ത്ര്യത്തോടുകൂടിയും അതിനു് സമ്മതിച്ചിരിക്കണം. ഇവയിൽ ഏതെങ്കിലും ഒന്നു് ഇല്ലാതിരുന്നാൽ ആ പ്രവൃത്തി മരണാർഹമായ പാപം ആകയില്ല. മരണാർഹമല്ലാത്ത പാപമെ ആയിരിക്കുകയുള്ളു.

മരണാർഹമായ ഒരു ജീവിതാവസ്ഥയുണ്ടു്. അതെന്തെന്നാൽ ക്രിസ്തുരഹിതനായി ജീവിക്കുക എന്നുള്ളതത്രെ. ഇതെപ്പോഴും സൂക്ഷിച്ചിരിക്കേണ്ട ഒരു കാര്യമാകുന്നു.

ആവശ്യമില്ലാത്ത ഭയം ഉണ്ടാകരുതു്. അതു് പുണ്യ വളർച്ചയിൽ പ്രതിബന്ധമാണ്. നിരാശയിൽനിന്നും ഭീരുത്വത്തിൽനിന്നും കർത്താവെ നീ എന്നെ രക്ഷിക്കണമെ എന്നു് സീയോൻ സഞ്ചാരി പ്രാർത്ഥിച്ചുകൊള്ളണം.

ആത്മശുചീകരണത്തിനായി ആദ്യമേ ഒരു മുഴുകുമ്പസാരം നടത്തുക. (കുമ്പസാരത്തെപ്പററി ഞാനെഴുതിയിട്ടുള്ള ഒരു പുസ്തകം ആവശ്യമുള്ളവർ Rev. Fr. Mathews; മാർ അപ്രേം സിമ്മനാരി; ചിങ്ങവനം P. O. കോട്ടയം എന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക) ഇതിനു് ഉത്തമനായ ഒരു പട്ടക്കാരനേയും കണ്ടുപിടിക്കുക. പാപങ്ങൾ ശരിയായി ഏററു പറവാൻ എഴുതുകതന്നേയാണ് നല്ലതു്. ഹൃദയംഗമായി പാപത്തെ വെറുത്തു് ഉപേക്ഷിച്ചു് വേണ്ടെന്നു് തിരുമാനിക്കയും പാപത്തെക്കുറിച്ചു് കരയുകയും ചെയ്തു.

ചുരുക്കം ചിലർക്കു് ഒരു മുഴുവൻ കുമ്പസാരം അത്യന്താപേക്ഷിതമല്ലെങ്കിലും അനേകർക്കും ഭക്തിജീവിതം യഥാർത്ഥമായി ആരംഭിക്കുവാൻ അതു് ഒഴിച്ചുകൂടാത്തതാണ്. അതുമൂലം ആത്മാവിന് അഹങ്കാരം മാറി ഒരു വിനയം ഉണ്ടാകുന്നു. ശുചീകരണത്തിന്റെ ഉറപ്പു് അധികമായി ലഭിക്കും. ജീവിതം ആരംഭിച്ചതിന്റെ ഒരു പ്രാരംഭസോപാനമായി അതു് അനുഭവപ്പെടും. പലപ്പോഴും ശരിയായി സ്വയപരിശോധന കഴിക്കാതേയും വേണ്ടത്ര പശ്ചാത്താപം കൂടാതെയും കുമ്പസാരിച്ചിട്ടുള്ളവരുടെ കുറവുകളെ അതു പരിഹരിക്കും. പാപകാരണങ്ങളെ ഉപേക്ഷിക്കാതെ ജീവിതം നടത്തിയവർക്കു് ഒരു മുഴുവൻ കുമ്പസാരം നടത്തിയാൽ ഒരു പുതുക്കം ലഭിക്കും. നമ്മെത്തന്നെ നന്നായി അറിയുന്നതിനു് ഇതു് സഹായമാണ്. പാപത്തിന്റെ ഭയങ്കരത അനുസരിച്ചു് നമ്മെ ശിക്ഷിക്കാതിരുന്ന

ക്രൈസ്തവചിന്താസരണി No. I

A. V. M.

ക്രിസ്തുമസ്സ് കഴിഞ്ഞു് അധികദിവസമായില്ല, ആറു വയസ്സുമാത്രം പ്രായമുള്ള ഒരു കുട്ടി 'സാൻ ഫ്റാൻസിസ്കോവി'ലെ ജനനിബിഡമായ ഒരു തെരുവീഥിയിലേക്കു് അതിമനോഹരമായ ഒരു വിനോദവണ്ടിയുമുരുട്ടി പോവുകയാണ്. വണ്ടിയിൽ 'ഉണ്ണിമിശിഹാ'യുടെ ഒരു പ്രതിരൂപം സമാകർഷകമാം വണ്ണം സ്ഥിതിചെയ്തിരുന്നു. ഈ പ്രതിരൂപമാകട്ടെ, അടുത്തുള്ള ഒരു ദേവാലയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്നതും പ്രസ്തുത കുട്ടി അതു് അവിടെ നിന്നും എടുത്തു് തനിക്കു ക്രിസ്തുമസ്സ് സമ്മാനമായി ലഭിച്ച തന്റെ വണ്ടിയിൽ നിക്ഷേപിച്ചിരിക്കുന്നതുമാണ്. പട്ടണവീഥിയിലുണ്ടായേക്കാവുന്ന വൈഷമ്യങ്ങളെപ്പരിഗണിച്ചു് കുട്ടിയുടെ മാതാവു് ത്സടിതിയിൽ പുറത്തേക്കിറങ്ങി അവന്റെ യാത്രയെ തടസ്സപ്പെടുത്തി. അപ്പോൾ കുട്ടി, അമ്മയോടു്:— "അമ്മേ, അമ്മയെന്നെ തടസ്സപ്പെടുത്തരുതു്; അവൻ വികസിച്ച കണ്ണുകളോടെ തുടർന്നു:— എനിക്കു് ഇങ്ങനെയൊരു വണ്ടി ക്രിസ്തുമസ്സ് സമ്മാനമായി അവിടന്നു തരുന്നപക്ഷം അതിൽ ഒന്നാമതായി സവാരി ചെയ്യുന്നതു അവിടന്നുതന്നെയായിരിക്കുമെന്നു ഞാൻ എന്റെ ഉണ്ണിമിശിഹായോടു പ്രതിജ്ഞ ചെയ്തുപോയി"

* * * *

ദൈവം നമ്മുടെമേൽ വർഷിക്കുന്ന സകല അനുഗ്രഹങ്ങൾക്കും വേണ്ടി നമക്കു തന്നോടുണ്ടായിരിക്കേണ്ട നന്ദിയും, സ്മരണയും പ്രദർശിപ്പിക്കുന്നതിനു് ഏററവും പര്യാപ്തമായ ഒരു സന്ദർഭമാണ് പുതുവർഷത്തിന്റെ ഒന്നാംദിവസം. സകലത്തിന്റേയും പ്രാരംഭം ദൈവപ്രസാദകരമാക്കിത്തീർക്കുവാൻ നാം യത്നിക്കേണ്ടതാണ്. ദൈവസന്നിധിയിൽ ചെയ്യുന്ന പ്രതിജ്ഞകളെ പ്രകടമായി നിർവ്വഹിക്കുവാൻ നാം ജാഗരൂകരായിരിക്കണം. തിരിഞ്ഞെടുക്കപ്പെടുന്ന ഹൃദ്യമായ ഏതു പദ്ധതിയിൽക്കൂടേയും അതു ദൈവദൃഷ്ടിയിൽ പ്രദർശിപ്പിക്കേണ്ടതു നമുക്കു കർത്തവ്യവും അലങ്കാരവുമാണ്. നമ്മുടെ ഹൃസ്വമായ ജീവിതവലയത്തിൽ നിന്നും പുറപ്പെട്ടു്, വിപുലമായ ഒരു പ്രസന്നരംഗത്തിൽ നമ്മുടെ രക്ഷിതാവും അനുഗ്രഹദാതാവുമായ ഈശോമിശിഹായെ പരസ്യമായി സ്നേഹിപ്പാനും ബഹുമാനിപ്പാനും പ്രശംസിപ്പാനും നാം ഉദ്യുക്തരായിത്തീരേണ്ടിയിരിക്കുന്നു.

* * * *

നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരെന്നു് എല്ലാവരും അറിയും (വി. യോഹന്നാൻ 13:35)

* * * *

ആറുവയസ്സുമാത്രം പ്രായമുള്ള കുഞ്ഞു് തന്റെ പ്രാർത്ഥനയാലും വിശ്വാസചൂർവ്വകമായ അഭിലാഷത്താലും ഈശോമിശിഹായുടെ അവിഭേദ്യമിത്രമായിതീർന്നു നിഷ്കന്മഷചിത്തവും ഉദ്ദേശപരിശുദ്ധിയും പ്രാർത്ഥനയ്ക്കും വേണ്ട രണ്ടു സുവർണ്ണ പക്ഷങ്ങളാണ്.

ദൈവത്തിന്റെ കാരുണ്യം ലഭിക്കുന്നതിനു് ഇതു് നമ്മെ പ്രാപ്തരാക്കുന്നു. ഒരു ഉത്തമ ആത്മഗുരുവിന്റെ അടുക്കൽ സൌകര്യംപോലെ പോയി ഒരു മുഴുവൻ കുമ്പസാരം (General Confession) നടത്തിയാൽ അദ്ദേഹത്തിനു് അനുതാപിയുടെ സ്ഥിതിക്കനുസരണമായ ഉപദേശം നൽകുന്നതിനു് സൌകര്യം ലഭിക്കും. ഒരു മുഴുവൻകുമ്പസാരം ശരിയായി നടത്തിയാൽ പിന്നീടുള്ള കുമ്പസാരങ്ങളിൽ സകലതും തുറന്നുപറവാനുള്ള ധൈര്യം പ്രാപിക്കയും ചെയ്യും. നിങ്ങൾക്കു് പരിചയമില്ലാത്ത ഒരു പട്ടക്കാരനെത്തന്നെ മുഴുകുമ്പസാരം കേൾക്കാൻ തെരഞ്ഞെടുക്കാവുന്നതാണ്.

ഇത്രയുംകൊണ്ടു് ഭക്തിമാർഗ്ഗത്തിന്റെ പ്രാരംഭം എന്ന അദ്ധ്യായം അവസാനിക്കുന്നു. അടുത്ത അദ്ധ്യായം പാപമോഹങ്ങളെ ഹനിക്കേണ്ടതിനെപ്പററിയായിരിക്കും.

(തുടരും)

ക്രൂശിലെ മരണം

(ഫിലി: 2:8)

യേശുമിശിഹായുടെ ക്രൂശ്മരണം പഴയ നിയമത്തിലേയും പുതിയ നിയമത്തിലേയും സകല പിതാക്കന്മാർക്കുമുണ്ടായിട്ടുള്ള വെളിപാടുകളുടെ ഒരു മൂലസ്ഥാനമാണ്. (ലൂക്കോസ്സ് 24:26-46) വി: സഭയിലെ സകല പ്രാർത്ഥനാക്രമങ്ങളിലും പ്രത്യേകിച്ച് കഷ്ടാനുഭവാഴ്ചയിലെ ക്രമങ്ങളിലും പ: പിതാക്കന്മാർ 'ക്രൂശുമരണ'ത്തിന് പ്രഥമവും സമുന്നതവുമായ ഒരു സ്ഥാനം നല്കിട്ടുണ്ട്. സുപ്രസിദ്ധനായ സ്രൂഗിലെ മോർ യാക്കോബ്, (522) "സ്കീപ്പാ സകല തിരുവെഴുത്തുകളും സാർത്ഥകമാക്കിയിരിക്കുന്നു" എന്നു പ്രസ്താവിച്ചിട്ടുണ്ട്. ക്രൂശിതനായ രാജാവിന്റെ ദൃഷ്ടിയിൽ ക്രൂശിന്മേലുള്ള മരണം സർവ്വോപരി ഉൽകൃഷ്ടമായിരിക്കകൊണ്ട്, പ്രയോജനമുള്ള ഈ വിഷയത്തെ സംബന്ധിച്ച് "സീയോൻ സന്ദേശ"ത്തിൽ പ്രതിപാദിയ്ക്കണമെന്ന് ചിലർ താല്പര്യപ്പെട്ടിട്ടുണ്ട്. അതു ക്രൂശിക്കപ്പെട്ടവന്റെ സ്നേഹിതർക്ക് സഹായത്തിനും ഓർമ്മക്കുമായി തീരുമല്ലോ.

MOOSA SALAMA RAMBAN.

ഈ ലേഖനം വായിക്കുന്ന ഒരുത്തൻ താഴെ പറയുന്ന രണ്ടു കാര്യങ്ങൾ ചെയ്യേണ്ടതാണ്. ഒന്ന്, മിശിഹായുടെ കഷ്ടാനുഭവങ്ങളുടെ ഒരു അനുഭവം സ്വന്ത വ്യക്തിത്വത്തിലും ദൈനദിന ജീവിതത്തിലും പ്രായോഗീകമാക്കണം. രണ്ട്, ഗോഗുൽത്തായിലേക്ക് മാനസീകമായിയാത്ര ചെയ്യണം അവിടെ നടന്ന സംഗതികൾ അവന്റെ കണ്ണുകൾക്കു മുമ്പാകെ ചിത്രീകരിക്കണം. എങ്ങിനെയെന്നാൽ, ഊർശിലേമിന്റെ പശ്ചിമഭാഗത്തുള്ള ഒരു കുന്നിന്മേൽ ഒരുവൻ തറയ്ക്കപ്പെട്ടിരിയ്ക്കുന്നു. പടയാളികളും മററു യഹൂദജനങ്ങളും അവന്റെ ചുററുമായി നില്ക്കുന്നു. ചിലർ പരിഹസിക്കുന്നു. ചിലർ ആനന്ദിക്കുന്നു. മററു ചിലർ കരയുന്നു. തീർച്ചയായും ഒരന്യൻ എന്നപോലെ ആനന്ദപൂർവ്വം ഈ ചോദ്യങ്ങൾ നീ ചോദിച്ചുപോകും. ക്രൂശിക്കപ്പെട്ടിരിക്കുന്ന ഇവൻ ആർ? ഇവന്റെ കുററം എന്തു്? മറെറാരുവിധത്തിലുമല്ലാതെ ക്രൂശിന്മേൽ ഇവൻ മരിക്കുന്നതെന്തു്? ഈ വിധമുള്ള ചില ചോദ്യങ്ങൾക്ക് ഒരു മറുപടിയാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നതു്.

ക്രൂശിക്കപ്പെട്ടിരിയ്ക്കുന്ന ഇവൻ ആർ? ആ ഗോഗുൽത്തായിൽ നാം നില്ക്കുമ്പോൾ വിവിധ ഉത്തരങ്ങൾ നമുക്കു ശ്രവിയ്ക്കാം. ഒരു സ്ത്രീ പറയുന്നു. "പാവം മുപ്പതുവയസ്സുള്ള ഒരു യുവാവ്. അവന്റെ അമ്മക്ക് ഏക മകൻ" വേറൊരുവൾ പറയുന്നു. "ഇവൻ യഥാർത്ഥത്തിൽ നമുക്ക് വളരെ നന്മ ചെയ്തിട്ടുണ്ട്. എന്നാൽ പുരോഹിതന്മാർക്കെതിരായി ഇവൻ നിന്നതു നന്നായില്ല. ഒരു പുരോഹിതൻ പറയുന്നു. "വഞ്ചകൻ. ശാബദിനെ ലംഘിക്കുന്നവൻ. തന്നേയന്നെ ദൈവത്തോട് തുല്യപ്പെടുത്തുന്നവൻ..... നിനക്ക് യവനായ, ലാററിൻ, സുറിയാനി എന്നിവയിൽ ഏതെങ്കിലും ഭാഷയറിയാമെങ്കിൽ ക്രൂശിക്കപ്പെട്ടിരിക്കുന്നവൻ 'നസ്രായനായ യേശു യഹൂദന്മാരുടെ രാജാവ്' എന്ന് ഗ്രഹിക്കുവാൻ കഴിയും. നീ അടുത്തുചെന്ന് ക്രൂശിക്കപ്പെട്ടവനോട് "നീ ആരു്" എന്നു ചോദിക്കുക. അപ്പോൾ അവൻ തലകുനിച്ച് നിന്നോട്: "ഞാൻ ആദ്യനും അന്ത്യനും, ഒലാഫും താവും, ദൈവപുത്രനും മനുഷ്യപുത്രനും ആകുന്നു." എന്ന് തിരുവെഴുത്തുകളിലെ സാക്ഷ്യങ്ങൾ മുൻനിർത്തി പറയും. നിനക്കാവശ്യമെങ്കിൽ മൂശയുടേയും ദാവീദിന്റേയും മററു ദീർഘദർശിമാരുടേയും പുസ്തകങ്ങളിൽ നിന്ന് അസഖ്യം തെളിവുകൾ അവൻ നിന്നെ കേൾപ്പിക്കും യഥാസ്ഥാനത്തുനിന്നുകൊണ്ട് സൂര്യൻ അന്ധകാരപ്പെടുന്നതും പാറകൾ പിളരുന്നതും നീ കാണുമ്പോൾ 'സൃഷ്ടികളുടെ ദൈവം കഷ്ടതയനുഭവിക്കുന്നു' എന്ന് അറിയോസ്സ് ഫാഗോസ്സിലെ ദീവന്ന്യാസ്സിയോസ്സ് നിന്നോടു പറയും. നീയോ സത്യം സംസാരിക്കുമെങ്കിൽ 'ഇവൻ ദൈവവും ദൈവത്തിന്റെ പുത്രനും ആകുന്നു'യെന്ന് അട്ടഹസിച്ചു പറയുകതന്നെ ചെയ്യും. (യോഹ. 1:34)

എന്നാൽ പില്ക്കാലത്തു് 'ഏകജാതന്റെ' മരണത്തെ പരിശോധിക്കുവാൻ അനേകർ ആഗ്രഹിച്ചിട്ടുണ്ട്. അവനോ പരിശോധിക്കപ്പെടുവാൻ വയ്യാത്തവനാകുന്നു. യേശുവിനെ നിനക്ക് ലഭിച്ചിരിക്കുന്നതു് വിശ്വസിക്കുവാനാണ്; പരിശോധിക്കുവാനല്ല. അഗ്നി-അതിൽ ദഹിച്ചുപോകേണ്ടതിനല്ല, ചുടിനുവേണ്ടിയത്രെ നല്കപ്പെട്ടിരിക്കുന്നതു്. മിശിഹാ ലോകത്തിലെ ജ്ഞാനംകൊണ്ടോ പഠനംകൊണ്ടോ മറേറതെങ്കിലും ലൌകീക ഉപാധികൾകൊണ്ടോ പരിശോധിക്കപ്പെടാവുന്നവനല്ല. എന്തുകൊണ്ടെന്നാൽ അവന്റെ വഴി പ്രകൃതാതീതമാകുന്നു. എന്നാൽ മിശിഹായെ അറിയുവാൻ നിനക്കാഗ്രഹമുണ്ടെങ്കിൽ ജ്ഞാനിയാകേണ്ടതിന് നീ ഭോഷനായിത്തീരണം. (1 കോറ. 1:22, 3:18. ഇവിടേയും നീ വിശ്വാസപൂർവ്വം വായിക്കുന്നില്ലെങ്കിൽ നിന്റെ പ്രയത്നം വ്യർത്ഥമാണ്. നാം അവന്റെ കൃപയെ പ്രഖ്യാപിക്കുവാനല്ലാതെ അവനെ പരിശോധിക്കുവാനല്ല പരിശ്രമിക്കേണ്ടതു്.

ക്രൂശിക്കപ്പെട്ടവനിൽ പരസ്പര വിരുദ്ധങ്ങളായ ദൈവീകവും മാനുഷീകവുമായ രണ്ടു സംഗതികൾ കാണ്മാൻ കഴിയും. ദൈവത്വത്തിലെ ഉൽകൃഷ്ടവും മനുഷ്യത്വത്തിലെ സാധാരണങ്ങളുമായ പ്രവർത്തികൾ നമ്മുടെ രക്ഷിതാവിന്റെ ക്രൂശാരോഹണസമയത്തു മാത്രമല്ല പിന്നെയോ അവന്റെ വ്യാപാരകാലം മുഴുവനും പ്രത്യക്ഷപ്പെട്ടുമിരുന്നു. പരസ്പരവിരുദ്ധങ്ങളായി കർത്താവിൽ സ്ഥിതിചെയ്തിരുന്ന കാര്യങ്ങളുടെ ഒരു സമുച്ചയമാണ് മനുഷ്യാവതാരം. വചനമായ ദൈവവും മനുഷ്യനും തമ്മിലുണ്ടായ യോജിപ്പുമൂലം പരസ്പരം വിപരീതങ്ങളായ ഗുണങ്ങൾ ഒരാളുടേതായി സ്ഥിതിചെയ്യുന്നു. മിശിഹായുടെശക്തി ഒരുഭാഗത്തു് പ്രവർത്തിതവും മറുഭാഗത്തു് പ്രവർത്തിരഹിതവുമായിരുന്നില്ല. അതായതു് ഭക്ഷിക്കുകയും അപഹാസമേല്ക്കുകയും മററു കഷ്ടതകൾഅനുഭവിക്കുകയുംചെയ്തവൻ തന്നേയാണ് സൂര്യനെ അന്ധകാരപ്പെടുത്തുകയും പാറകളെ പിളർക്കുകയും മരിച്ചവരെ ഉയർപ്പിക്കുകയും ചെയ്തവൻ. അപ്രകാരംതന്നെ മരിച്ചവരെ ഉയർപ്പിക്കുകയും മററു അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തവനാണ് ലാസറുടെകല്ലറയുടെ മുമ്പിൽവെച്ച് കണ്ണുനീർ വാർത്തതു്. ഇതു സംബന്ധിച്ച് റോമിലെ മോർ യൂലിയോസ്സ് ഇപ്രകാരംപറയുന്നു. 'വചനവും അവന്റെ ശരീരവുംതമ്മിൽ യാതൊരു വേർതിരുവുകളും വി: പുസ്തകത്തിൽ ഞങ്ങൾ കാണുന്നില്ല." അല്ലാതെ, "വചനം വചനത്തിന്റേതും ശരീരം ശരീരത്തിന്റേയും കാര്യങ്ങൾ പ്രവർത്തിക്കുന്നു" എന്ന് റോമിലെ ലെയോൻ പ്രസ്താവിച്ചിരിക്കുന്നതുപോലെയല്ല. ഈ എതിരഭിപ്രായം ശരിയെങ്കിൽ മനുഷ്യാവതാരം അയഥാർത്ഥം തന്നെ. പൌലൂസ്സ് അപ്പോസ്തോലൻ ഈ കാര്യം വ്യക്തമാക്കിക്കൊണ്ട് ഫിലിപ്യ ലേഖനത്തിൽ (2:6-8) ഇങ്ങിനെ പറയുന്നു .....അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിയ്ക്കാതെ ദാംസരൂപമെടുത്തു മനുഷ്യസ്വരൂപത്തിൽ ആയി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി. തന്നെത്താൻ താഴ്ത്തി. ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായി തീർന്നു.

ആരാണ് മരിച്ചതു്? ..... ക്രൂശിക്കപ്പെട്ടവൻ തന്നേയാണ് മരിച്ചതെന്ന് വിശ്വാസം ഉത്തരം നൽകും. ക്രൂശിക്കപ്പെട്ടവനാരാണ്? ദൈവപുത്രൻ. ദൈവപുത്രൻ മരിക്കുമോ? കന്യകമറിയാമ്മിൽ നിന്നും ജനിച്ചവനായി അത്ഭുതങ്ങൾ പ്രവർത്തിച്ച അമ്മാനുവേൽ ആയ ദൈവപുത്രനാണ് തലചായിച്ച് മരിച്ചതെന്ന് വിശ്വാസം ഉത്തരം തരും. അ: പ്ര: 2: 36, 3: 15, റോമ: 9: 5, കൊലോ. 2: 9.

മോർ ഇസ്സഹാക്ക് പറയുന്നു. "ദൈവം മരിച്ചു എങ്കിൽ തന്റെ മരണംമൂലം അവൻ ലോകം രക്ഷിച്ചു. ദൈവം മരിച്ചില്ലെങ്കിൽ ലോകം ഇപ്പോഴും മൃതാവസ്ഥയിൽ ഇരിയ്ക്കുന്നു. സഭയുടെ പ്രശംസ ദൈവം സ്കീപ്പായിൽ മരിച്ചു എന്നുള്ളതാകുന്നു" ദൈവം എങ്ങിനെയാണ് മരിക്കുന്നതെന്ന് ഒരു ചോദ്യമുണ്ടായേക്കാം. മരിച്ചുപോകുന്ന എല്ലാവരേയുംപോലെ ദൈവപുത്രനും മരിച്ചു. ആത്മാ

വു് ശരീരത്തിൽനിന്നു് വേർപിരിയുമ്പോളാണു് മനുഷ്യനു് മരണം സംഭവിക്കുന്നതു്. എന്നാൽ ആത്മാവാകട്ടെ മരിക്കുന്നില്ല. എങ്കിലും ഇന്നാൾ മരിച്ചുപോയെന്നല്ലാതെ ഒരാൾ മരിക്കുമ്പോൾ അയാളുടെ ശരീരം മരിച്ചുയെന്നു് നാം പറയാറില്ല. ഇതുപോലേതന്നെ ദൈവപുത്രൻ മരിച്ചപ്പോൾ അവന്റെ ആത്മാവു് ശരീരത്തിൽനിന്നും വേർപിരിഞ്ഞു. (മക്കോസ്സ് 15:37) എന്നാൽ അവന്റെ ദൈവത്വം കൂശാരോഹണത്തിനു മുൻപോ, മരണസമയത്തോ, അതിനുശേഷമോ അവന്റെ ആത്മാവിൽ നിന്നാകട്ടെ ശരീരത്തിൽ നിന്നാകട്ടെ വേർപിരിഞ്ഞില്ല. (എഫേ: 4: 8—10, 1 പത്രോ. 3: 18) അതിനാൽ ദൈവവും മനുഷ്യനുമായ അമ്മാനുവേൽ മരിച്ചപ്പോഴും ജീവനുള്ളവനായിരുന്നു. ജീവനുള്ളവനായിരുന്നെങ്കിലും മരിച്ചവനുമായിരുന്നു. നമ്മുടെ രക്ഷിതാവിന്റെ ശരീരം കബറിൽ വയ്ക്കപ്പെട്ടപ്പോഴും അവന്റെ ദൈവത്വം അവനുമായി യോജിച്ചിരുന്നതുകൊണ്ടു് അവൻ മരിച്ചവരെ ജീവിപ്പിക്കുവാനായിരുന്നു. തന്നേയുമല്ല, ആ ശരീരം ദൈവത്തിന്റെ ശരീരമാകുന്നുയെന്നും ആ ആത്മാവു് ദൈവത്തിന്റെ ആത്മാവാകുന്നുയെന്നുമാണു് പറയേണ്ടതു്. ആയതിനാൽ അമ്മാനുവേലാണു് മരിച്ചതെന്നു് സുദൃഢം പറയാം. സുറിയാനി നമസ്കാരക്രമം വെള്ളിയാഴ്ചരാവിലെ പ്രാർത്ഥനയിൽ ഇങ്ങിനെ ചെല്ലുന്നു.

അമ്മാനുയേൽ ദേവേശൻ തരുവിൽ തൂങ്ങി
ഇൽശാദായു് തനയൻ വീരൻ
തലതാഴ്ത്തി മരിച്ചു
ആത്മം മാത്രം—തരുവിൽ കൈവിട്ടു
നിജ സാരാംശം—മേനിയിൽ നിവസിച്ചു്
വേർപെട്ടാൽ നിസ്സാരമതാം മാനുഷമാം ജീവൻ
വിലപിച്ചീടട്ടുന്നതനേ കൂശിച്ചോർ യൂദർ
ഹാലേലൂയ്യാ—കഷ്ടമവർക്കെന്നും.

വിശ്വാസിയെ, നിന്റെ രക്ഷയെ ഉണ്ടായിട്ടുള്ള അത്യുന്നതനായ ദൈവത്തിന്റെ പ്രവർത്തികളെ നീ ചുഴിഞ്ഞു് പരിശോധിക്കേണ്ടതില്ല. വി. സഭയും പരിശുദ്ധ പുസ്തകങ്ങളും ദൈവം മരിച്ചു എന്നു് പ്രഖ്യാപിക്കുമ്പോൾ, നീ തർക്കിക്കരുതു്; വിശ്വസിക്കുക. അല്ലാഞ്ഞാൽ ഇനിമേൽ നീ വിശ്വാസിയല്ല; ദുസ്ത്യാർക്കികനത്രെ. മാനുഷികമായി ചിന്തിക്കുന്നപക്ഷം ദൈവത്തിനു് രക്തമില്ല, ശരീരവുമില്ല. മഹത്വത്തിന്റെ രാജാവായ ദൈവം കൂശിക്കപ്പെടുകയുമില്ല. എന്നാൽ ദൈവം സത്യവാനും സകലമനുഷ്യരും വ്യാജക്കാരും ആകുന്നു എന്നു നാം പറയേണ്ടിയിരിക്കുന്നു. (1 കോരി: 2:8) ദൈവം തന്റെ കൃപയാൽ സകലർക്കുമായി മരണം ആസ്വദിച്ചു. (എബ്രാ. 2—9) ദൈവം മരിച്ചുയെന്നു് സമ്മതിച്ചു് ഏററുപറയുക വിഷമമാണെങ്കിൽ ജനനം, കീററുശീല മുതലായ മാനുഷീക സംഗതികൾ വിശ്വസനീയങ്ങൾ ആയിരിക്കയില്ല. സ്ലീബായിൽ വച്ചത്രെ യേശുമിശിഹാ, ദൈവമെന്നു് സുവ്യക്തമായി പ്രത്യക്ഷപ്പെടുന്നതു്. സ്വർണ്ണനാവുകാരനായ മോർ യോഹന്നാൻ പറയുന്നു. "ദൈവം കൂശിൽ തൂക്കപ്പെട്ടിരിക്കുന്നതു കാണുമ്പോൾ ഞാൻ വിറച്ചുപോകുന്നു" പൌലൂസ്സ് അപ്പോസ്തോലൻ സ്ലീബായെ—മിശിഹാമൂലമുള്ള രക്ഷയെ—ദൈവത്തിന്റെ ശക്തി എന്നും ജ്ഞാനമെന്നും പറയുന്നു.

(1 കോരി 1:24 ദൈവശക്തിയാൽ അസാദ്ധ്യസംഗതികൾ സുസാദ്ധ്യങ്ങളായി തീർന്നു. ദൈവജ്ഞാനം, കൂശാരോഹണം മൂലം ദൈവകരുണയേയും അവന്റെ നീതിയേയും പ്രകടമാക്കി. മനുഷ്യകുലം കരുണ പ്രാപിയ്ക്കണം. നീതി പാപത്തെ വിധിയ്ക്കണം. പാപത്തെ വിധിപ്പാനുള്ള ഒരുവൻ ഇല്ലാതിരിക്കെ യേശു അവന്റെ ശരീരത്തിൽ അധിവസിച്ചു. (റോമ. 8:3) അതായതു് അവന്റെ മരണംമൂലം പാപത്തെ കൊന്നു. (ഏശാ: 27:7)

ഈ സത്യത്തിനെതിരായി സത്യം പുറപ്പെടുവിക്കുന്നവർ ദൈവത്തിന്റെ കഷ്ടാനുഭത്തെക്കുറിച്ചു് കേട്ട പത്രോസ്സ് ശ്ലീഹായ്ക്കു് തുല്യരാണു്. 'ഇവ നിനക്കു് സംഭവിയ്ക്കരുതു്' എന്നാണു് വി: പത്രോസ്സ് കർത്താവിനോടു് പറഞ്ഞതു്. തന്റെ മറുപടിയിൽ കർത്താവു് രണ്ടു സംഗതികൾ വ്യക്തമാക്കുന്നതായി കാണുന്നു. ഒന്നാമത്തേതു്, വചനം സത്യമായിട്ടും ജഡപ്രകാരം കഷ്ടമനുഭവിയ്ക്കുമെന്നും, രണ്ടാമത്തേതു്, ഇതിനു് വിപരീതമായിട്ടുള്ളതു് സാത്താനിൽ നിന്നു വരുന്നതാകുന്നു എന്നുമാണു്. (മക്കോ. 9:27—33) വചനം ജഡമായിതീർന്നു് നമ്മിൽ ആവസിച്ചതിനാൽ ഇവയെല്ലാം സംഭവിച്ചു. (യോഹ. 1: 14.) വാഴ്ത്തപ്പെട്ട കന്യകമറിയാമിന്റെ ഉദരത്തിൽ വച്ചുതന്നെ ദൈവത്വവും മനുഷ്യത്വവും ഒന്നായി, യോജിക്കുകയും ജഡമെടുത്തവനായ അമ്മാനുയേൽ അവളിൽ നിന്നു് ജനിക്കുകയും ചെയ്ത സ്ഥിതിക്കു് ജഡധാരണം ചെയ്ത ദൈവം ഏകനും അഭിഭാജ്യനും ആകുന്നു. സ്വഭാവവിഭജനമുണ്ടെന്നു വന്നാൽ ദൈവം മനുഷ്യനുമായി യോജിച്ചു് ഇല്ലാതായി തീരും എന്നു് റോമിലെ വി: യൂലിയോസ്സ് പറഞ്ഞിരിക്കുന്നു. അങ്ങിനെയെങ്കിൽ മിശിഹായെ അനേകഭാഗങ്ങളായി വിഭജിക്കുവാൻ കഴിയും. സാധാരണ ഒരു മനുഷ്യനാണു് മരിച്ചതെങ്കിൽ കൃസ്തീയസഭക്കു് നിലനില്ക്കുവാൻ കഴിയുന്നതല്ല. മിശിഹായുടെ സകല വ്യാപാരങ്ങളിലും നമ്മുടെ രക്ഷ പ്രത്യക്ഷമായിട്ടുണ്ടെങ്കിലും കൂശ് മരണത്തിൽ മാത്രമെ അതു് വെളിപ്പെട്ടു് പൂർത്തീകരണവും സ്ഥിരീകരണവും പ്രാപിച്ചതു്. (യോഹ. 19: 30) ആകയാൽ ദൈവത്തിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട തന്റെ സഭ മിശിഹായെ ദർശിക്കുന്നതു മഹത്വത്തിലോ നിത്യത്വത്തിലോ അല്ല പിന്നയൊ കൂശിക്കപ്പെട്ടവൻ ദൈവമാകുന്നുയെന്നു് പറയുന്നതിലാണു്. മോർ അപ്രേം പറയുന്നു. ആദാമിനെ സൃഷ്ടിച്ച കൈകൾ സ്ലീബായിൽ തറയ്ക്കപ്പെട്ടു. സഭ മഹത്വമുള്ള ത്രോണോസ്സിന്മേലും സ്ലീബായിന്മേലും അവനെ ദർശിക്കുകയും വണങ്ങുകയും വാത്സല്ലിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ മണവാളൻ തന്റെ മണവാട്ടിയോടുള്ള സ്നേഹം സ്ലീബായിന്മേൽ വച്ചത്രെ പ്രത്യക്ഷമാക്കിയതു്. മണവാട്ടിയാകട്ടെ, പൂർണ്ണവിശ്വാസത്തോടുകൂടി ദൈവമെ നീ പരിശുദ്ധനാകുന്നു, ബലവാനെ നീ പരിശുദ്ധനാകുന്നു, മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു, ഞങ്ങൾക്കു വേണ്ടി കുരിശിൽ തൂങ്ങപ്പെട്ടവനെ ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെയെന്നു് ഉച്ചൈസ്തരം അവനോടു് ഏററുപറയുന്നു. ആകയാൽ സഹോദരങ്ങളെ, ദൈവപുത്രന്റെ മരണംമൂലം ലഭിച്ചിട്ടുള്ള രക്ഷയിൽ നമുക്കു് ആനന്ദിക്കാം. പാഷാണ്ഡപരമായ മററു ഉപദേശങ്ങളിലേക്കു് നാം വ്യതിചലിച്ചു പോകരുതു്. എന്തുകൊണ്ടെന്നാൽ ദൈവപുത്രന്റെ കൂശിലെ മരണമാകുന്നു നമ്മുടെ വിശ്വാസത്തിന്റെ മൂലക്കല്ലും അസ്ഥിവാരവും.

(തർജ്ജിമ)

പരലോക മെസഞ്ചർ

മരണശിക്ഷക്കു് വിധിക്കപ്പെട്ട കുററവാളി, തന്നെ തൂക്കിലിടുന്ന മനുഷ്യനോടു്: സാർ, പരലോകത്തേക്കു് വല്ലതും അറിയിക്കാനുണ്ടെങ്കിൽ പറഞ്ഞേക്കണം.

തൂക്കുകാരൻ:— മറെറാന്നുമില്ല. നിങ്ങൾ സസുഖം അവിടെ എത്തിയ വിവരം ഉടൻതന്നെ ഇങ്ങോട്ടറിയിച്ചാൽ മതി.

ന്യായവാദം

വിദ്യാർത്ഥി: സാർ ഒരാൾ ചെയ്യാത്ത കാര്യത്തിനു് അയ്യാളെ ശിക്ഷിക്കുന്നതു ന്യായമാണോ?

അദ്ധ്യാപകൻ: തീർച്ചയായും അല്ല. അതു പാപവും അനീതിയുമാണു്.

വിദ്യാർത്ഥി:— എന്നാൽ ഞാൻ ഗൃഹപാഠം ചെയ്തിട്ടില്ല.

വിവാഹമോചനക്കേസ്സ്

യുവതി: (വക്കീലിനോടു്) എനിക്കൊരു വിവാഹമോചനക്കേസ്സുണ്ടു്. ചുരുങ്ങിയ ഫീസ്സ് എന്താണു്.

വക്കീൽ നിങ്ങളുടെ മേലാലുള്ള വിവാഹമോചനക്കേസ്സുകൾമുഴുവനും എനിയ്ക്കുതന്നെ തരാമെങ്കിൽ ചെറിയ കമ്മീഷൻ കാണിക്കാം

P. K. D.

★ സുവിശേഷ പ്രകാശം ★

(Peter K. Pulayath B. A.)

സുവിശേഷ സൂര്യൻ പൌരസ്ത്യചക്രവാളത്തിൽ ഉദയം ചെയ്തതായ ആ സുദിനം വാനവരും മാനവരും മനം കുളിർന്ന് മഹോന്നതനെ മഹത്പ്പെട്ടുത്തിയതായ ആ മോഹനദിനം! ചരിത്രത്തിൽ ആവർത്തിക്കപ്പെടാൻ ആവാത്തതായ മഹൽ സംഭവം!

അതേ അതിനപ്പുറം സമസ്തവും തമോമയമായിരുന്നു; ഭയാനകമായിരുന്നു. ഇരുളിലൊളിഞ്ഞുകിടന്ന ശൂന്യപ്രപഞ്ചത്തിലൂടെ മാനവരാശി എങ്ങോട്ടേക്ക് എന്നറിയാതെ പ്രയാണം ചെയ്തുകൊണ്ടിരുന്നു. ലക്ഷ്യമില്ലാത്തതായ, മാർഗ്ഗമറിയാത്തതായ മൂഢസഞ്ചാരം! അനേകർ മാർഗ്ഗമദ്ധ്യത്തിൽ തന്നെയുള്ള അന്ധകാരനിബിഡമായ നാശകൂപങ്ങളിൽതന്നെ നിപതിച്ചു. നിയതിയുടെ നിഷ്ഠുരത! അറിയാതെതന്നെ അനേകരും, ഭയാനകമായ മരണത്തിന്റെ കരാളമായ നിഴലിൽ വീണ് മരണം മയങ്ങി, മതിമറന്ന് സുഖസുഷുപ്തിയിലമർന്നു അപകടപൂർണ്ണമായ നിദ്ര!

പ്രഭാപൂർണ്ണമായ പകലിൽ നിന്നും പുറംതള്ളപ്പെട്ട ആദ്യമാതാപിതാക്കളെ ആവരണം ചെയ്തത് പാപാന്ധകാരമായിരുന്നു. പാപാന്ധകാരപ്രണയമാണ് അവരെ സ്വർഗ്ഗീയ സുഖാനുഭൂതിയിൽ നിന്നും നിഷ്കാസനം ചെയ്തത്. ദൈവം ദിവ്യദീപ്തിയാണ്. ആ ദിവ്യദീപ്തിയിൽ നിന്നും ആർദ്രകടാക്ഷം അകന്നു, പാപമാകുന്ന അന്ധകാരഗർത്തത്തിന്റെ കരാളകരങ്ങളിൽ അമർന്നു. ഭാവിസുഖങ്ങളുടെ മാധുര്യത്തിൽ മതിമറന്നു, അവർ അനുഭവിച്ചുകൊണ്ടിരുന്നതായ സ്വർഗ്ഗീയസുഖാനുഭൂതികൾ ബലിയർപ്പിച്ചു. സകലവും നഷ്ടപ്പെട്ടു. ലോകം ഇരുളിലാണ്ടു. പാപത്തിന്റെ പരമാധികാരം ഭരണം തുടങ്ങി. പൈശാചികതം ഫണം വിടർത്തി കരാളനൃത്തം തുടങ്ങി. മരണത്തിന്റെ അനിവാര്യമായ ആധിപത്യം അഖിലവും കീഴമർത്തി. എല്ലാം ശൂന്യമായി. എല്ലാം ഇരുണ്ടു. എവിടേയും നിരാശ. ആക്രന്ദം അസ്വാതന്ത്ര്യം! എവിടെനിന്നും നെടുവീർപ്പുകളുടേയും നിരാശയുടേയും ദീർഘനിശ്വാസങ്ങൾ ഉയർന്ന് പ്രതിധ്വനിച്ചു.

* * * *

"ഇരുളിലും മരണഛായയിലും ഇരിക്കുന്നവർക്ക് പ്രകാശം ഉദിച്ചു..... ..... ഉയരത്തിൽ നിന്നും ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു."

സത്യപ്രകാശം മങ്ങുകയില്ല. അന്ധകാരത്തിന്റെ ആധിപത്യം ശാശ്വതമല്ല. "ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശം" പൌരസ്ത്യ ചക്രവാളത്തിൽ പൊൻപ്രഭ പരത്തിക്കൊണ്ട് ഉദിച്ചുയർന്നു. അന്ധകാരത്തിന്റെ ആധിപത്യം അങ്ങിനെ അവസാനിച്ചു. ഇരുൾ നീങ്ങി ഇരുളിലൊളിഞ്ഞുകിടന്ന അപകടങ്ങൾ പ്രത്യക്ഷങ്ങളായി. ആ പ്രകാശത്തിൽ ലോകത്തിന്റെ സകല ഭാഗങ്ങളും പ്രകാശിതങ്ങളായി നിശയുടെ നിഴലിൽ ഗൂഢം ചെയ്തിരുന്ന നാരകീയ ശക്തികൾ അപ്രത്യക്ഷങ്ങളായി. നിശാചരങ്ങളായിരുന്ന നരികൾക്കും തസ്കരന്മാർക്കും ഈ ദിവ്യദീപ്തി അസഹ്യമായി തീർന്നു. അവർ ഈ സുവിശേഷ പ്രകാശത്തിൽനിന്നും പലായനം ചെയ്തു. "തന്നിൽ വിശ്വസിക്കുന്നവർ ആരും അന്ധകാരത്തിൽ ചരിക്കാതിരിക്കുവാൻ" ലോകത്തിലേക്കു വന്നതായ ഈ ദിവ്യപ്രകാശം അന്ധകാരശക്തികൾക്കു ഒരു ശാപം തന്നെ മുട്ടുണ്ടാക്കി. അവർ ഒന്നിച്ചുചേർന്നു, ഈ പ്രകാശത്തെ കെടുത്തിക്കളയുവാൻ. പാവങ്ങൾ! അതുല്യമായ ഒരു തേജപുഞ്ജത്തെ തീപ്പെട്ടിരിപോലെ കെടുത്തിക്കളയാമെന്നു അവർ വ്യാമോഹിച്ചു. അവർ സ്വർഗ്ഗീയമായ ആ പ്രഭാപൂരത്തെ സമീപിച്ചു. അതുല്യദീപത്തെ കയ്യിലെടുത്തു തട്ടിയുടച്ചു, തൽക്കാലത്തേക്കു അതു കെട്ടുപ്പോയതുപോലെതോന്നി അവർ സന്തോഷിച്ചു. മിഥ്യാ വ്യാമോഹം!

"ഇരുളൊ അതിനെ പിടിച്ചടക്കിയില്ല" കല്ലറയുടെ അന്ധകാരത്തെ അതിക്രമിച്ച്, ശിലാഭിത്തികളെ ഭേദിച്ച് ആ നിത്യപ്രകാശം ബഹിർഗമിച്ചു. പാപത്തിന്റെ പൂട്ടുകളെ തകർത്തുകളഞ്ഞു. റോമൻ സാമ്രാജ്യത്തിന്റെ പ്രതാപത്തിനോ, യഹൂദ പൌരോഹിത്യത്തിന്റെ പ്രതികാരമനോഭാവത്തിനോ ആ ദിവ്യദീപ്തിയെ കെടുത്തിക്കളയുവാൻ കഴിഞ്ഞില്ല. വിജയശ്രീ ധരിച്ച ആ ദിവ്യദീപത്തിന്റെ പ്രകാശപ്രചുരിമയിൽ അന്ധകാരപ്രപഞ്ചം പ്രശോഭിതമായി. പൈശാചികതത്തിന്റെ ഫണം തകർന്നു, താണു. സ്വർഗീയ സൂര്യന്റെ പ്രഭാതകിരണങ്ങൾ ചക്രവാളസീമകളിൽ പോലും പ്രശാന്തമായ പ്രഭാപടലം പരത്തി. സന്തോഷം, സമാധാനം, എന്നിവയുടെ സന്ദേശം സകലയിടത്തും മാറ്റൊലിക്കൊണ്ടു. സ്വർഗീയസേനകൾ സ്തോത്രഗീതാലാപത്താൽ സൃഷ്ടാവിനെ സന്തോഷിപ്പിച്ചു. സ്വർഗീയ സീയോൻ ആ സന്ദേശം ഏറ്റുപാടി. സുവിശേഷപ്രകാശത്തിന്റെ ആ സന്ദേശം:-

ഇനി കുറയകാലം മാത്രം വെളിച്ചം നിങ്ങളുടെ ഇടയിൽ ഇരിക്കും. ഇരുൾ നിങ്ങളെ പിടിക്കാതിരിപ്പാൻ നിങ്ങൾ വെളിച്ചം ഉള്ളിടത്തോളം നടന്നുകൊൾവിൻ.....

യോഹന്നാൻ 12. 36.

എന്നിൽ വിശ്വസിക്കുന്നവൻ ആരും ഇരുളിൽ വസിക്കാതിരിപ്പാൻ ഞാൻ വെളിച്ചമായി ലോകത്തിലേക്കു വന്നിരിക്കുന്നു.

യോഹ. 12: 46

മേരിസ്തവം

(മഞ്ജരി)

[ശങ്കരത്തിൽ എ. വി. മാത്യു]

ആശ്രയപ്പൈമ്പാൽ പൊഴിക്കും കിഴക്കിന്റെ
കാരുണ്യക്കൈരണ്ടലേ! കന്യാമണിയലേ!
നേരുന്നിതങ്ങേക്കു പാരം പരിശാന്തി
വീരപ്രസൂവേ മന്നേരി മാതേ!
യോഷാവൃന്ദത്തിലനുഗ്രഹിക്കപ്പെട്ട
ഭ്രഷ്ടാവിശേഷമെന്നാമതന്നെ.
കല്പകം മാനുഷക്കൈകൾം ക്രൂരാതപത്തിൽ
നിന്നേകിസ്സം ശോഭിച്ചീടും ശൈലം
അങ്ങല്ലോ, കന്മഷലേശവുമില്ലാത്ത
മംഗളപ്പൊൻ മലക്കുഞ്ഞരുവി.
ക്രൂബേന്മാർക്കുള്ള രഥത്തേക്കാളൊന്നാന്ത്യം
പ്രാവേ! പ്രഗത്ഭമായങ്ങേക്കുണ്ട്.

ഐശ്വര്യസമ്പൂർണ്ണനിക്ഷേപം സൂക്ഷിച്ച
കൈ, ശരിക്കാളും പോളമയല്ലി?
വിണ്ണിടംനൽകിയ മന്നാ കരുതിയ
സ്വർണ്ണപ്പൂഞ്ചെല്ലുമെന്നാമമയല്ലി?
അണ്ടർകോനാനന്ദം വാഴുവാൻ സൃഷ്ടിച്ച
രണ്ടാമാകാശമെന്നാമമയല്ലി?
ജീവന്റെ മുന്തിരിത്തേൻകുല കായിച്ച
പാവിത പ്പൈന്തണ്ടെന്റമ്മയല്ലി?
ഈടെഴും ദൈവത്തിൻ പത്തു നിയമത്തിൽ
പേടകതല്പമമ്മയല്ലി?
ഹസ്സിയേൽ കണ്ട നിരോധിതവാതിലാം
സൽകൃതസത്യമെന്നാമമയല്ലി?

സ്വർഗീയമാലാഖാ ഗബ്രിയേൽ വാചകം
കൈക്കൊണ്ട കന്യാവെന്നമമയല്ലി?
ഗർഭത്തിൽ ലോകൈകരക്ഷണ്യനിക്ഷേപ-
മുറ്റിച്ചെന്നെബ്രോനിൽ പോയ പോതിൽ
മറിയെലിശ'ബാതൻ കുക്ഷിയിൽ
യൂഹാനോൻ
ഉല്ലലിച്ചില്ലയോ സച്ചരിത്രേ!
"കർത്താവിന്നമ്മ"യെന്നോലിശ'ബാ രൂഹായാ
ലത്തിൽ സംബുദ്ധചെയ്തുള്ളോവേ!
സല്ലോകാരാധിതേ! സ്വർല്ലോകാധീശന്റെ
ഉല്ലാസവാൽസല്യം പ്രാപിച്ചോവേ!
ആട്ടിന്റെ കാവൽക്കാർ രാക്ഷ്രറിൽ പാടിയ
പാട്ടിന്റെ രാഗത്തേരേറിയോവേ!
വിദ്വൽകുലത്തിന്റെ വിദ്യോദ്ഗമനമാം
സൽക്കാരം സാധുകരിച്ചമാതേ!
എറോദേപ്പേടിച്ചെജിപ്തിലേക്കോടിയ
ശാറോന്യസൗരഭ്യപുഷ്പകുപോലെ!
ബേതലേംതൊട്ട ഗോഗുൽത്താമലക്കോളം
വേദനക്കൈപ്പും കുടിച്ചുള്ളോവേ!
എന്നാത്മനായകനീശകുമാരകൻ
തന്നോടൊന്നിച്ചോവേ, യോമൽപ്രാവേ!
ഞങ്ങൾക്കുവേണ്ടിയാ സൌഭാഗ്യശോഭിത
രംഗത്തിൽ-ദൈവത്തിൽമുമ്പിലമ്മേ!
ഇപ്പോഴുമെപ്പോഴും ഞങ്ങൾമരിപ്പോളം
അത്ഭുതപാത്രമേ, പ്രാർത്ഥിച്ചാലും!

മുളന്തുരുത്തി മത്തോമ്മൻ പള്ളിചരിത്രം

(പകർപ്പവകാശം സ്വായത്തം)

[പി. എം. പത്രോസ് മുളന്തുരുത്തി]

സ്ഥലമാഹാത്മ്യം

മലങ്കര മഹാഇടവകയിൽ പെട്ട വടക്കും തെക്കുമുള്ള പുരാതന പള്ളികളെ അപേക്ഷിച്ചു സ്തലമാഹാത്മ്യം, ധനസ്തിതി, പാരമ്പര്യമഹിമ, ഇടവകജനങ്ങളുടെ ബാഹുല്യം തുടങ്ങിയ ഓരോന്നുകൊണ്ടും പ്രശസ്തവും ചരിത്രപ്രാധാന്യമർഹിക്കുന്നതുമായ ഒരു വിശിഷ്ട സ്താപനമാണ് മുളന്തുരുത്തി മർത്തോമ്മാൻ യാക്കോബായ സുറിയാനിപ്പള്ളിയെന്നതു പ്രഖ്യാതമാണ്. പുരാതനവും ചരിത്രപ്രധാനവുമായ ഈ ദേവാലയത്തോട് അടുത്തടുത്തു സ്തിതിചെയ്യുന്ന പല ഹൈന്ദവക്ഷേത്രങ്ങളുടെ സാമീപ്യം, പൌരാണികകാലത്തു സ്തലജലമാർഗേണ മലങ്കരനസ്രാണികുസ്ത്യാനികൾക്കുണ്ടായിരുന്ന വാണിജ്യബന്ധങ്ങളുടെ ഒരു കേന്ദ്രസ്താനം, കൊച്ചീമഹാരാജാക്കന്മാർ തങ്ങളുടെ ആസ്താനമാക്കി രാജ്യഭരണം നടത്തിയിരുന്ന രാജകൊട്ടാരം, രാജകുടുംബത്തിന്റെ കുലദേവതാപ്രതിഷ്ഠയായിരുന്ന ഒരു മഹാക്ഷേത്രത്തിന്റെ സാന്നിധ്യം തുടങ്ങിയ പലതിനാലും മുളന്തുരുത്തിക്കുണ്ടായിരുന്ന പ്രാധാന്യപ്രാമുഖ്യാദികൾ ബഹുലങ്ങളത്രേ.

മുളന്തുരുത്തി കായലോരം സംബന്ധിച്ചുകിടക്കുന്ന ഒരുപ്രദേശമാണ്. ഭൂപ്രകൃതിയുംകിടപ്പും അനുസരിച്ചു പറയുന്നതായാൽ "മുളന്തുരുത്ത്" എന്നഭൂമിശാസ്ത്രസംജ്ഞയുംഅനവദ്യമത്രേ. സഹ്യപർവ്വതപംക്തിയുടെ താഴ്വരയിൽ കന്യാകുമാരിമുതൽ ഗോകർണ്ണംവരെ പശ്ചിമസമുദ്രതീരത്തു നെടുനീളത്തിൽ കിടക്കുന്ന കേരളക്കരയുടെ മിക്കവാറും മദ്ധ്യഭാഗത്തുള്ള പ്രദേശത്തെയാണ് കൊച്ചീരാജ്യമെന്നു പറയുന്നതു്. കാലചക്രഭ്രമണത്താലും ഇതരചരിത്രസംഭവങ്ങളുടെ ഗതിവിഗതികളാലും രാജ്യഭരണസൌകര്യാർത്ഥം ഈ ഭൂവിഭാഗത്തെ അനന്തരകാലത്തു ഏതാനും താലൂക്കുകളായി വിഭജിച്ചിട്ടുള്ളവയിൽ ഏറ്റവും തെക്കുഭാഗത്തുള്ളതിനു കൊച്ചീ-കണയന്നൂർ താലൂക്കെന്നു നാമകരണം ചെയ്തിരിക്കുന്നു. ആദ്യകാലത്തു ഇവ രണ്ടും രണ്ടു താലൂക്കുകളായിരുന്നെങ്കിലും ഭരണസൌകര്യത്തിനുവേണ്ടിഇടക്കാലത്തു കൊച്ചീ-കണയന്നൂർ എന്ന പേരിൽ ക്രോഡീകരിക്കുകയുണ്ടായി. വില്വാളിവീരനായിരുന്ന കണയൻ (അർജ്ജുനൻ) എന്നതിൽ നിന്നാണു കണയന്നൂർ എന്ന വാക്കിന്റെ ഉത്ഭവമെന്നു ഐതിഹ്യം ഘോഷിക്കുന്നു. പ്രസ്തുത താലൂക്കിന്റെ തെക്കൻ വില്ലേജുകളിൽ ഒന്നായ മുളന്തുരുത്തിലാണു സുപ്രസിദ്ധമായ ഈ ദേവാലയം സ്തിതിചെയ്യുന്നതു്.

പുരാതന കാലംമുതൽ കൊച്ചീരാജാക്കന്മാർ മൃഗയാവിനോദങ്ങൾക്കും മറ്റുമായി സമ്മേളിച്ചിരുന്നതും അക്കാലങ്ങളിൽ "പള്ളിത്തട്ടെ"ന്നും അനന്തരകാലത്തു "പള്ളത്തട്ട്" യെന്നുമുള്ള പേരിൽ ഇന്നാട്ടുകാക്കെല്ലാം സുപരിചിതമായിരിക്കുന്ന ഒരു പുരാതന നസ്രാണികുടുംബത്തിന്റെ ആസ്താനം സുദീർഘകാലത്തേക്കു കൊച്ചീരാജകുടുംബത്തിന്റെ ഒരു അധിവാസസ്താനം, എന്നിവ സ്തിതിചെയ്യുന്നതും മുളന്തുരുത്തിപ്പള്ളിയുടെ പരിസരങ്ങളിലാണു. അടുത്തകാലത്തു തിരുവിതാംകൂറുമായുണ്ടായ സംയോജനംവരെ കൊച്ചീമഹാരാജാക്കന്മാർ കൊടുത്തിരുന്ന തീട്ടുരങ്ങളിൽ "കണയന്നൂർ കോവിലകത്തു ഇരുന്നരുളേ"എന്നുള്ളതായിരുന്ന അവയിലെ പ്രാരംഭവാചകമെന്നുള്ളതും സ്മരണീയമത്രേ.

ആദിമകാലങ്ങളിൽ ഇവിടെ സുലഭമായും നിബിഡമായും വളർന്നിരുന്ന മുളങ്കൂട്ടങ്ങൾ കാരണമാണു മൊളന്തുരുത്തെന്നു പേരുണ്ടായതെന്നു പറയപ്പെടുന്നു. പണ്ടത്തെ ചേരരാജ്യത്തിലെ അഞ്ചു രാജ്യങ്ങളിലൊന്നു വേണാടായിരുന്നു. മുളകൾ ധാരാളമായി വളർന്നിരുന്ന ആ രാജ്യത്തോട്ടു തൊട്ടടുത്തു കിടന്നിരുന്നതിനാൽ "വേണുദ്വീപെ"ന്ന അക്കാലത്തു ഇതു വഴി സഞ്ചരിച്ചിരുന്ന നാവികരും ജനങ്ങളും പേരുവിളിക്കാനിടയായി എന്നാണു് ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നതു. (മി: പി. പത്മനാഭമേനോന്റെ കൊച്ചീരാജ്യചരിത്രം 1-ാം ഭാഗം പുറം 93) വേണുദ്വീപു എന്നതു മലയാളീകരിച്ചപ്പോൾ മൊളന്തുരുത്തെന്നമായിത്തീർന്നു. ഈ പേരിൽ വരാപ്പുഴക്കു സമീപം ഒരു പ്രദേശമുണ്ടെന്നും പറയപ്പെടുന്നു.

പുരാതനകാലത്തു പശ്ചിമതീരത്തെ ഒരു പ്രധാന തുറമുഖമായിരുന്ന കൊടുങ്ങല്ലൂർ. അക്കാലത്തു പെരിയാർ ജലപ്രവാഹം സമുദ്രത്തിൽ ചെന്നുചേർന്നിരുന്നതു കൊടുങ്ങല്ലൂർ അഴിമുഖത്തു കൂടിയായിരുന്നു. എന്നാൽ ക്രിസ്താബ്ദം 1341-ൽ ഉണ്ടായ അതിഭയങ്കരവും ശക്തിമത്തുമായ വെള്ളപ്പൊക്കക്കാലത്തു ഇരമ്പിപ്പാഞ്ഞുവന്ന പെരിയാർ വെള്ളപ്രവാഹത്തെ തടഞ്ഞുനിർത്തുവാൻ അന്നത്തെ സമുദ്രത്തിനും കായലിനും ഇടക്കുണ്ടായിരുന്ന മണൽത്തിട്ടക്കു ശക്തിപോരാഞ്ഞതിനാൽ ആ മലവെള്ളം കൊച്ചീക്കു നേരെ ഉണ്ടായിരുന്ന അഴി മുറിച്ചു അതുവഴി സമുദ്രത്തിൽ വീണു

തോട്ടക്കുടി കാലക്രമത്തിൽ ഉണ്ടായിവന്നതാ
ണ കൊച്ചീ അഴിയും കൊച്ചീ തുറമുഖവും
ആയിത്തീന്നിരിക്കുന്നതെന്നതും പ്രസ്താവാ
ഹ്മത്രേ. (ടി ചരിത്രം പുറം 4) ഈ സംഭവ
ത്തിന്ന മുമ്പായിരുന്ന കൊടുങ്ങല്ലൂരിനുണ്ടായി
രുന്നതായി ചരിത്രം ഘോഷിക്കുന്ന പ്രതാ
പൈശ്വര്യാദികളം. (ഭാഷാപോഷിണി: പു:
21 ലക്കം 6. വശങ്ങളം 154-157 വരെ) ഈ
വിധത്തിൽ കൊടുങ്ങല്ലൂർ ശ്രുതിപ്പെട്ട ഒരു തുറ
മുഖവും വാണിജ്യവ്യവസായാദികളുടെ ഒരു
കേന്ദ്രസ്താനവുമായിതീന്നു. മലങ്കര നസ്രാ
ണി ക്രസ്ത്യാനികൾക്കു കൊടുങ്ങല്ലൂരിനോടും
മഹോതേവർ പട്ടണത്തോടും ക്രുതൽ ബന്ധ
വും ഉണ്ടു്.

കേരളക്കരയിലെ തുറമുഖങ്ങളേയും രാജാ
ക്കന്മാരേയും പറ്റിയുള്ള ചില പുരാതന കൃ
തികളിൽ യവനർ, റോമർ തുടങ്ങിയ പാശ്ചാ
ത്യരാജ്യക്കാർക്കു കൊടുങ്ങല്ലൂരുമായും പ്രത്യേകി
ച്ചു കേരളക്കരയുമായും പൊതുവേയും ഉണ്ടാ
യിരുന്ന വാണിജ്യബന്ധങ്ങളെപ്പറ്റി സവി
സ്തരം പ്രതിപാദിക്കുന്നുണ്ടു്. (The T. R. V. Archeological Series Vol: II P. 2)ഇവരെ അനു
കരിച്ചു പാലസ്റ്റൈൻ നിവാസികളായ യഹൂദ
രും ക്രിസ്തുവിനു മുമ്പായിത്തന്നെ കേരള
വുമായി വാണിജ്യബന്ധത്തിൽ ഏർപ്പെട്ടിരു
ന്നു. പ്രസിദ്ധപ്പെട്ട യെരുശലേം ദേവാലയത്തി
ന്റെ പണിക്കു വേണ്ടതായ തടികൾപോലും
ഇൻഡ്യായിൽ നിന്നു കൊണ്ടുപോയിരുന്നു.
(Henry Lords Jews in India and the Far East P. 50) ഇങ്ങിനെ യഹൂദർ കേരളത്തിലും മറ്റും
കച്ചവടാർത്ഥം വന്നെത്താനും തുടന്നു സ്ഥിര
താമസക്കാരായിത്തീരാനും ഉണ്ടായ പ്രധാന
കാരണങ്ങളും, അവക്കുണ്ടായ അതി കഠോര
വും മൃഗീയവുമായ മതപീഡനമായിരുന്നു.
(ദാനിയേൽ 1:11; 11:1-5) അതിനിഷ്ഠുര
നായിരുന്ന അന്തിയോക്കസിന്റെ കാലത്തും
(ബി. സി. 170) ബി. സി. 40-ൽ ഹേറോ
ദേസിന്റെ കാലത്തും ഉണ്ടായ മതപീഡന
ങ്ങളം മൂലം ഭയവിഹ്വലരും അശരണരുമായ
യഹൂദർ ആത്മരക്ഷാർത്ഥം സർവ്വവും ഉപേക്ഷി
ച്ചു അന്യരാജ്യങ്ങളെ അഭയംപ്രാപിക്കേണ്ടി
വന്നു. ഈ വിധത്തിൽ രാജ്യത്തുനിന്നും ബഹി
ഷ്കൃതരായവരിൽ ഒരു നല്ല വിഭാഗം യുദന്മാ
ർ കേരളക്കരയിലുമെത്തി സ്തിരപാർപ്പുകാ
രായി.(Jews in India and theFarEast by Henry Lord P. 63) ഇപ്രകാരം അനന്യശരണരായി
കേരളത്തിൽ എത്തിയ "ഇസ്രായേലിൽ കാ
ണാതെപോയ ആടുകളെ തിരക്കി കണ്ടുപിടി
ച്ചു" അവരോടു യേശുക്രിസ്തുവിന്റെ സുവി
ശേഷം പ്രസംഗിപ്പാനായിട്ടുമാണു പരമകാരു
ണികനായ ദൈവം ശിഷ്യന്മാരിൽ ഒരുവനാ
യ മാർ തോമ്മാശ്ലീഹായെ ഒരു കച്ചവടക്ക
പ്പലിൽ ഇൻഡ്യയിലേക്കു നിയോഗിച്ചതു.
ആ പുണ്യശ്ലോകൻ കൊടുങ്ങല്ലൂർക്കു സമീപമു
ള്ള "മാലിയാങ്കരെ" വന്നൊത്തുകയും ചെയ്തു.

[ബാക്കി അടുത്ത ലക്കത്തിൽ]

50 മിനിട്ട്-1 മണിക്കൂർ

ചാക്കോ- ഹേ, നിങ്ങൾ വാങ്ങിയ വാച്ചു് ഇതാണോ? എങ്ങനെ നടക്കുന്നു.

മാത്തൻ- ഒന്നാംതരം. 50 മിനിട്ടു കൊണ്ടു ഒരു മണിക്കൂർ നടന്നുകഴിയും.

P. K. D.

മലബാർ വാർത്തകൾ

സുൽബത്തേരിയിലുള്ള വി: മർത്തമറിയം പള്ളി പൊളിച്ചുപണിയുവാൻ തീരുമാനിക്കുകയും, ആയതിനു് ഒരു കമ്മറ്റി തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

കോളിയാടിപ്പള്ളി ഇടവകാംഗങ്ങളിൽ ആത്മീയ ഉണർവ്വുണ്ടാക്കുവാൻ തക്കവണ്ണം, വികാരിയുടെ നേതൃത്വത്തിൽ പ്രാർത്ഥനായോഗങ്ങളം തുടച്ചയായി നടത്തികൊണ്ടിരിക്കുന്നു.

മലങ്കരക്കുന്നുപള്ളിയിൽ ആണ്ടുതോറും നടത്തിവരാറുള്ള കന്നി 20-ാംന- പെരുന്നാൾ (കോതമംഗലത്തു കബറടങ്ങിയിരിക്കുന്ന മാർ ബാസേലിയോസ് ബാവായുടെ ഓർമ്മ) പൂർവ്വാധികം ഭംഗിയായി കൊണ്ടാടുവാൻ തീരുമാനിച്ചിരിക്കുന്നു.

മാർ അത്തനേഷ്യസ് കോളേജ് കോതമംഗലം.

കോതമംഗലം ചെറിയ പള്ളിയിൽവെച്ചു് കൂടിയ യോഗത്തിൽ "അത്തനേഷ്യസ് കോളേജി"ന്റെ നിയമാവലി റജിസ്ത്രാക്കുവാൻ തീരുമാനിക്കുകയും കോളേജ് ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.
രക്ഷാധികാരി:- അങ്കമാലി ഇടവകയുടെ നി. വ. ദി. ശ്രീ. ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്. ചെയർമാൻ:- കണ്ടനാടു് ഇടവകയുടെ നി. വ. ദി. ശ്രീ. പൌലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്. വൈസ് ചെയർമാൻ:- ഡോക്ടർ പി. റ്റി. തോമസ് പാലാമ്പടം.

കോതമംഗലം പെരുന്നാൾ

കന്നി 20-ാംന- തന്നെ.

സ്തലം മർത്തോമ്മ ചെറിയപള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധൻ, മാർ ബാസേലിയോസ് കാതോലിക്കാബാവാ തിരുമനസിലെ ഓർമ്മപ്പെരുന്നാൾ ആണ്ടുതോറും ടി പള്ളിയിൽ ആഘോഷിച്ചുവരാറുള്ള തിയതിയായ സുറിയാനി കണക്കിലെ കന്നി 20-ാംന- തന്നെ ഇക്കൊല്ലവും പൂർവ്വാധികം ഭംഗിയായി ആഘോഷിക്കപ്പെട്ടുന്നതാണു്. അതു മലയാളം കണക്കിനു് കന്നി 17-ാംന-ക്കു് സമമായ ഒക്ടോബർ 3-ാംന- ശനിയാഴ്ചയാകുന്നു. ടി. പെരുന്നാളിൽ സംബന്ധിച്ചു് അനുഗ്രഹം പ്രാപിക്കുന്നതിനാഗ്രഹിക്കുന്ന അനേകായിരം ഭക്തജനങ്ങളുടെ ഇക്കാര്യത്തിലുള്ള സംശയനിവാരണത്തിനും പ്രയോജനത്തിനും ഈ പ്രസ്താവന മതിയാകുമെന്നു് വിശ്വസിക്കുന്നു.

എന്നു്,
കോതമംഗലം, } ടി. പള്ളി വികാരി,
25—8—1953. } മാലയിൽ ഇസഹാക്കു്
കത്തനാർ

വൈദീകത്തിലേക്കു്

കണ്ടനാടു് വി: മർത്തമറിയം പള്ളിയിൽ വച്ചു് 1953 ആഗസ്റ്റ് 16-ാംന-ഞായറാഴ്ച കണ്ടനാടു് ഇടവകയുടെ നി. വ. ദി. ശ്രീ. പൌലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് പാലക്കാട്ടു് വക്കീൽ മത്തായിക്കും ഇച്ചിക്കോട്ടിൽ പത്രോസ് ചെറിയാനും "കോറൂയോപട്ടം നല്കിയിരിക്കുന്നു.

SION SANDESAM
Yearly Subscription Rs. 3-0-0
Specimen Coppy
(Stamp for 5 Annas.)

THE VEDA VIJNANA PAREEKSHA

NAME OF THOSE WHO PASSED IN THE LAST EXAMINATION.

FIRST CLASS. [Marks 60% and above]

C. I. Chakkunny Kunnamkulam,
P. K. Kuriako Vadavucode,
K. V. Alikutty Karingachira,
P. T. Poulose Tripunittura,
C. V. Kunjilakutty Chelakkara.
N. P. Jacob Thiruvamkulam.
M. Sosamma Kurian, Chottanikkara.
M. P. Sosamma Thiruvamkulam;

SECOND CLASS [Marks 50% to 60%]

K. I. Simon Kunnamkulam,
C. Susy Varghese ,,
E. C. Chacko Vadayaparambu,
E. P. John Vettikkal,
P. Anne Jos Karingachira
M. P. Mariakutty. Thiruvamkulam,
M. C. Varghese Chelakkara,
C. V. Mary ,,
C. T. Mary ,,
P. S. Skaria Koratty,
K. P. Thomas ,,

THIRD CLASS [Marks 35% to 50%]

P. Varghese Kunnamkulam,
K. C. George Pengamucku,
C. M. Simon ,,
P. D. Skaria Vadayaparambu
M. P. Markose ,,
V. J. Thomas Vettikkal,
P. V. Thomas Tripunittura,
V. V. Saramma Chelakkara
C. V. Unni Chelakkara,
V. K. George ,,
V. V. Varathappan ,,
P. P. George ,,
K. K. Chakkappan ,,
T. V. Jose ,,
C. L. Mariam ,,
T. V. Mariam ,,

അടുത്ത പരീക്ഷ — 1954 ജനുവരി

പാഠപദ്ധതി

പഴയനിയമം

1. ശമുവേൽ
2. ശമുവേൽ
സങ്കീർത്തനങ്ങൾ
എസ്ഥേർ
യോനാ

പുതിയനിയമം

വി: ലൂക്കോസിന്റെ സുവിശേഷം
വി: യോഹന്നാന്റെ സുവിശേഷം
അപ്പസ്തോല പ്രവർത്തികൾ
1. പത്രോസ്
2. പത്രോസ്

സഭാവിശ്വാസം

വി: കുർബ്ബാന
അനുഷ്ഠാനം
വിവാഹം

സഭാചരിത്രം ഒന്നാം നൂറ്റാണ്ടുമുതൽ 19-ാം നൂറ്റാണ്ടുവരെ (ഉൾപ്പെടെ)

N. B. വി: വേദഭാഗത്തിൽനിന്നു ചെറു ഉത്തരങ്ങൾഎഴുതേണ്ടിയ ചോദ്യങ്ങളും സഭാചരിത്രത്തിൽ നിന്നും സഭാവിശ്വാസത്തിൽ നിന്നും ഉപന്യാസരീതിയിലുള്ള ഉത്തരങ്ങൾ എഴുതേണ്ടവയുമായിരിക്കും ചോദ്യങ്ങൾ.

Printed at PRABHATHAM PRESS TRIPUNITTURA and published by Rev: Deacon Joseph Vendrappilly from Sion Seminary, Koratty, T. C. State, S. India.
Editor: Rev. Fr. N. K. KORATHU.